Uncorrected/Not for publication
12.03.2025

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*271)

**വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ നടപടി**

1(*271) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളത്തിന്റെയും കൃഷിക്കാവശ്യമായ രാസവസ്തുക്കളുടെയും വിലവർധനവ് കാരണം കർഷകർ പ്രതിസന്ധിയിലായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൃഷിക്കാവശ്യമായ വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വളത്തിന്റെയും രാസവസ്തുക്കളുടെയും വില നിയന്ത്രണവിധേയമാക്കാനും സബ്സിഡി വർധിപ്പിക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്നും ഇതിനായി നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിന്റെ ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി (NBS) പോളിസി പ്രകാരമാണ് വളത്തിന്റെ വിലയും സബ്സിഡിയും നിശ്ചയിക്കുന്നത്. യൂറിയയുടെ വില മാത്രം നിയന്ത്രണപ്പട്ടികയിൽപ്പെടുത്തുകയും മറ്റ് സബ്സിഡികൾ വെട്ടിക്കുറച്ച് ഫോസ്ഫറസ്, പൊട്ടാഷ് വളങ്ങൾ ഡികൺട്രോൾഡ് ലിസ്റ്റിലുൾപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ഫലമായി യൂറിയയുടെ വില ഒഴികെ മറ്റു വളങ്ങളുടെ വിലയിൽ ഗണ്യമായ വർധനയുണ്ടാവുകയും മറ്റ് രാസവളങ്ങളുടെ വില നിർണ്ണയിക്കുന്നതിന് വളം വിതരണ കമ്പനികൾക്ക് അവസരം ലഭ്യമാവുകയും ചെയ്തു. അസംസ്കൃത വസ്തുക്കളുടെ വില, കയറ്റിറക്ക് കൂലി, ചരക്ക് കൂലി എന്നിവയുടെ അടിസ്ഥാനത്തിലാണ് കമ്പനികൾ വില നിശ്ചയിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വില നിയന്ത്രണമില്ലാത്ത വളങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി ചെലവ്, കയറ്റിറക്ക് കൂലിയിലുള്ള വർധന എന്നിവയുടെ അടിസ്ഥാനത്തിൽ സബ്സിഡി തുക ആനുപാതികമായി കൂട്ടിയാൽ മാത്രമെ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് രാസവളങ്ങൾ

ലഭ്യമാവുകയുള്ളൂ. പല വളങ്ങൾക്കും നിലവിലുള്ള സബ്സിഡിയും ബജറ്റ് വിഹിതവും കുറയ്ക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ അനുവർത്തിച്ചിരിക്കുന്നത്. ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങൾക്കുള്ള ന്യൂട്രിയന്റ് സബ്സിഡി 2023-24 വർഷം 65199.586 കോടി രൂപയായിരുന്നത് 2024-25 വർഷം 52310 കോടി രൂപയായും 2025-26 വർഷം 49000 കോടി രൂപയായും കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുകയുണ്ടായി. ആനുപാതിക സബ്സിഡി കേന്ദ്ര സർക്കാർ നൽകാത്തതിനാൽ ഡൈ അമോണിയം ഫോസ്ഫേറ്റ്, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, അമോണിയം സൽഫേറ്റ്, മ്യൂറേറ്റ് ഓഫ് പൊട്ടാഷ് (എം.ഒ.പി.), 10:26:26 എൻ.പി.കെ കോംപ്ലക്സ് വളം, രാജ്ഫോസ്, ഫാക്ടംഫോസ്, 16:16:16 എൻ.പി.കെ കോംപ്ലക്സ് വളം എന്നിവയുടെ വിലയിൽ വർധന സംഭവിക്കുന്നു. എന്നാൽ രാസകീടനാശിനികളുടെ വില നിശ്ചയിക്കുന്നത് ബന്ധപ്പെട്ട ഉൽപാദന കമ്പനികൾ മാത്രമായാണ്. ഇക്കാര്യത്തിൽ നിലവിൽ കേന്ദ്രസർക്കാരിന്റെ നിയന്ത്രണമില്ല. അതിനാൽ കമ്പനികൾക്ക് യഥേഷ്ടം വില വർധിപ്പിക്കാൻ അവസരം ലഭിക്കുന്നു.

(ബി) കൃഷി വകുപ്പ് നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ മുഖേനയും ജനകീയാസൂത്രണ പദ്ധതികൾ മുഖേനയും രാസവളങ്ങളും കീടനാശിനികളും കുമ്മായവും സബ്സിഡി നിരക്കിൽ നൽകി സർക്കാർ കർഷകരെ സഹായിച്ചുവരുന്നു. അടിയന്തരഘട്ടങ്ങളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ പ്രവർത്തിച്ചുവരുന്ന ക്രോപ് ഫാർമസികൾ മുഖേനയും സൗജന്യമായി ജൈവജീവാണു കീടരോഗ നിയന്ത്രണ ഉപാധികൾ നൽകുന്നുണ്ട്.

വ്യാപാരികളിലൂടെയും പ്രാദേശിക സഹകരണ സംഘങ്ങളിലൂടെയും വളം വിതരണം ശക്തിപ്പെടുത്തി വളലഭ്യത ഉറപ്പാക്കുന്നുണ്ട്. കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിത ഉപയോഗം കുറച്ച് ജൈവ കാർഷികരീതി അനുവർത്തിക്കാൻ കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തുകയും "ജൈവ കാർഷിക മിഷൻ" ആരംഭിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. ജൈവജീവാണു വളങ്ങൾ ഉൽപാദിപ്പിക്കാൻ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും പരിശീലനം നൽകുന്നുണ്ട്. കൂടാതെ വിപണിയിലുള്ള ജൈവ വളങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ലബോറട്ടറികൾ ആരംഭിച്ചിട്ടുമുണ്ട്.

നൂതന കാർഷിക രീതികളും വളപ്രയോഗങ്ങളും പ്രോത്സാഹിപ്പിച്ച് രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) 2021 മുതൽ വളങ്ങളുടെ വിലയിലുണ്ടായിട്ടുള്ള ക്രമാതീതമായ വർധവിനെത്തുടർന്ന് വളങ്ങളുടെ വിലയിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും തുടർന്ന് നടന്ന കൂടിക്കാഴ്ചയിൽ ഈ വിഷയം കേന്ദ്ര മന്ത്രിമാരുടെ ശ്രദ്ധയിൽകൊണ്ടുവരികയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ഇതേവരെ അനുകൂലമായ നടപടികളുണ്ടായിട്ടില്ല. ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് ഇക്കാര്യം വീണ്ടും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കാർഷിക മേഖല പൊതുവിൽ വലിയ പ്രതിസന്ധിയിലും പ്രയാസത്തിലും പ്രക്ഷുബ്ധാവസ്ഥയിലുമാണ്. കാർഷിക ഉൽപന്നങ്ങളുടെ വിലത്തകർച്ച, രോഗബാധ, പ്രകൃതിക്ഷോഭം, വന്യമൃഗശല്യം, തുടങ്ങിയ കാരണങ്ങളാൽ വിള തകർച്ചയും നേരിടുന്നുണ്ട്. മാത്രമല്ല, കൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിക്കാർ കടബാധ്യതയിലാണ്. അതോടൊപ്പമാണ് കുനിന്മേൽ കുരുവെന്നപോലെ രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതവും അന്യായവും അനിയന്ത്രിതവുമായ വില

വർധനവ്. നാളികേര കർഷകർ രാസവളം ഉപയോഗിക്കാത്തതിനാൽ നാളികേരത്തിന്റെ ഉൽപാദനംതന്നെ ഗണ്യമായി കുറഞ്ഞുവരുന്നുണ്ട്. അതുകൊണ്ട് കർഷകരെ സഹായിക്കാൻ വളം ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കൃഷി എന്നത് ഒരു നഷ്ടപരിപാടിയാണെന്ന് നമ്മൾ പ്രഖ്യാപിക്കരുത്. കൃഷി അങ്ങനെ ഒരു നഷ്ടമുണ്ടാകുന്നൊരു ഇനവുമല്ല. ബഹുമാനപ്പെട്ട അംഗം രാസവളത്തിന്റെ വിഷയമാണ് ഏറ്റവും പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. രാസവളത്തിന്റെ വില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര ഗവൺമെന്റ് ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി പോളിസി പ്രകാരമാണ് വളത്തിന്റെ വിലയും സബ്സിഡിയും നിശ്ചയിക്കുന്നത്. യൂറിയ എന്ന ഒരു ഇനമൊഴികെ ബാക്കി എല്ലാത്തിനെയും ഈ പട്ടികയിലുൾപ്പെടുത്തി വില വർധിപ്പിക്കുന്ന സാഹചര്യമുണ്ട്. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. അതിന്റെ തുടക്കം നമ്മുടെ രാജ്യം സ്വീകരിച്ച ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായാണ് എന്ന കാര്യവും നാം വിസ്മരിക്കരുത്. അന്നേ വരെയുണ്ടായിരുന്ന രീതികളിൽ മാറ്റം വരുത്തിക്കൊണ്ടാണ് 1991-92-ലെ കേന്ദ്ര ബജറ്റിലൂടെയാണ്

നിലവിലുണ്ടായിരുന്നതിനേക്കാൾ 40 ശതമാനത്തിന്റെ വർധനവിലേക്ക് അന്ന് എത്തിയത്. ആ ചുവടുപിടിച്ചാണ് തുടർന്നുള്ള കാലങ്ങളിൽ രാസവളത്തിന്റെ വില നിശ്ചയിക്കുകയും വിലയിൽ വർധനവുണ്ടായിരിക്കുകയും ചെയ്തിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് 1991 മുതൽ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നയത്തിന്റെ ഭാഗമായാണ് ഈ പ്രതിസന്ധിയെല്ലാം ഉടലെടുക്കുന്നതെന്ന യാഥാർഥ്യം ബോധ്യപ്പെടണം. കേന്ദ്ര സർക്കാരിനോട് നാം ഇക്കാര്യങ്ങളിൽ മാറ്റം വരുത്തണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടിരുന്നു. എന്നാൽ രാസവളത്തിന്റെ വിലയിൽ മാറ്റം വരുത്തുക മാത്രമല്ല ഓരോ കാലത്തും ഇതിനാവശ്യമായി ഏർപ്പെടുത്തുന്ന സബ്സിഡി തുകകൾ കുറഞ്ഞുവരുന്നുവെന്നുള്ളതുമാണ് കഴിഞ്ഞ ബജറ്റുകൾകൂടി പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ പ്രതിസന്ധികളെല്ലാം സൃഷ്ടിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ് എന്ന യാഥാർഥ്യം മനസ്സിലാക്കണം. കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും ഇക്കാര്യങ്ങൾ ആവശ്യപ്പെടുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കൃഷിക്കാർ സ്വന്തം നിലയ്ക്ക് ചവർ, ചാണകം, കരിയില തുടങ്ങിയ ജൈവവളങ്ങളെ ആശ്രയിക്കുന്ന ഒരു വലിയ

രീതിയുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇതൊക്കെ ഗണ്യമായി കുറഞ്ഞുവരികയാണ്. ജൈവവളങ്ങൾ ഉപയോഗിക്കുന്നതിന്റെ ഗുണഫലങ്ങളും നമുക്കറിയാം. അതുകൊണ്ട് ജൈവവള ഉൽപാദനം പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും നല്ലൊരു നിർദേശമാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ചിരിക്കുന്നത്. കാലാകാലങ്ങളായി ചാണകവും പച്ചിലവളവും ചാരവുമൊക്കെ ഉപയോഗിച്ച് കൃഷി ചെയ്യുന്നൊരു രീതിയായിരുന്നു പിന്തുടർന്നിരുന്നത്. ഒരു കാലത്ത് പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന കർഷകർ പൊട്ടാഷിന്റെ കുറവ് പരിഹരിക്കുന്നതിനായി ചാരമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഹരിതവിപ്ലവത്തെത്തുടർന്ന് കൂടുതൽ ഉൽപാദനം എന്ന നിലയിലേക്ക് നമ്മുടെ നാട് മാറിയപ്പോൾ രാസവളത്തിന്റെ അമിതമായ ഉപയോഗത്തിലേക്കും രാസവളമില്ലാതെ കൃഷിചെയ്യാൻ പറ്റില്ലെന്നൊരു ചിന്തയിലേക്കും കർഷകരെത്തി. ഞാൻ നേരത്തെ പറഞ്ഞതുപോലെ 1991-ഓടുകൂടി ഇത്തരം പ്രതിസന്ധികൾ ഉടലെടുത്തപ്പോൾ രാസവളത്തിന്റെ വിലയിലും വലിയ വർധനവുണ്ടായി.

രാസവളത്തിന്റെ വില ക്രമാതീതമായി വർധിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലുള്ള മാർഗങ്ങളിലൂടെ ആയത് ഒരുപരിധിവരെ പിടിച്ചുനിർത്താൻ സാധിക്കും. മാത്രമല്ല, ജൈവജീവാണു വളങ്ങൾ ഉൽപാദിപ്പിക്കാൻ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും പരിശീലനം നൽകുന്ന പരിപാടി സർക്കാർ ആരംഭിച്ചിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഇത്തരം വളങ്ങൾ ഉൽപാദിപ്പിക്കുന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. എല്ലാ ജൈവ വളങ്ങളും ഉൽപാദിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും ഓരോ പ്രദേശത്തിനുമാവശ്യമായ, സാധ്യമായ വളങ്ങൾ ഉൽപാദിപ്പിക്കാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. അതിനുള്ള പരിപൂർണ്ണ പ്രോത്സാഹനവും പിന്തുണയും സംസ്ഥാന സർക്കാർ നൽകുന്നതുമായിരിക്കും. മാത്രമല്ല, കൃഷിവകുപ്പിന്റെ നേതൃത്വത്തിലുള്ള ലാബുകളിൽ ഇത്തരം വളങ്ങളുടെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ മെച്ചപ്പെട്ട ഇത്തരം ജൈവ ജീവാണു വളങ്ങൾ കർഷകർക്കെത്തിക്കുന്നതിനുള്ള ഇടപെടലുകളും സർക്കാർ നടത്തുന്നുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ ന്യായീകരണത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഒരു

പ്രശ്നമുണ്ടാകുമ്പോൾ ആ പ്രശ്നത്തിൽനിന്ന് കരകയറുന്നതിനുവേണ്ടിയുള്ള ഒരു മാർഗം കാണണ്ടേ? ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത് 1050 ആയിരുന്ന ഫാക്റ്റംഫോസിന്റെ വില ഇപ്പോൾ 1350 രൂപയായി മാറിയിരിക്കുകയാണ്. യൂറിയയുടെ കാര്യത്തിൽ നിയന്ത്രണമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ, യൂറിയയുടെ വിലയും വർധിച്ചിട്ടുണ്ട്. ഒരു ചാക്ക് യൂറിയയ്ക്ക് ഇപ്പോൾ 390 രൂപയാണ് വില. കീടനാശിനികളുടെ വില അസാധാരണമായ വിധത്തിൽ വർധിക്കുകയാണ്. ഈ വർധനവെല്ലാം തുടരുമ്പോഴും കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തി കേരളത്തിലെ കർഷകരെ ദ്രോഹിക്കുന്നത് ശരിയല്ലല്ലോ? കർഷക രക്ഷാമാർഗം എന്ന നിലയിലുള്ള പുതിയൊരു പദ്ധതിയെക്കുറിച്ച് സർക്കാർ ആലോചിക്കണ്ടേ? അതിനാൽ യഥാർഥ കർഷകർക്ക് സബ്സിഡി ഇനത്തിൽ കീടനാശിനികളും വളങ്ങളും നൽകുന്നതിനായി പ്രത്യേക ന്യായവില കടകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഞാൻ ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിന് മറുപടി പറഞ്ഞത് ഒരു യാഥാർഥ്യം നാം മറന്നുപോകരുത്

എന്നതുകൊണ്ടാണ്. കേന്ദ്ര സർക്കാർ വില വർധിപ്പിക്കുകയും സബ്സിഡി വെട്ടിക്കുറയ്ക്കുകയുമൊക്കെ ചെയ്യും; സംസ്ഥാന സർക്കാർ വേണമെങ്കിൽ അതൊക്കെ കൊടുത്തോളൂ എന്ന ഒരു രീതി അവലംബിക്കാൻ സാധിക്കുമോ? 1991-92 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് പ്രഖ്യാപനത്തിലൂടെയാണ് നിലവിലുണ്ടായിരുന്നതിനേക്കാൾ 40 ശതമാനത്തിന്റെ വിലവർധനവ് പ്രഖ്യാപിക്കുന്നത്. 1991-ൽ ആഗോളവൽക്കരണത്തിന്റെ കാലം വരികയും അതിന്റെ ഭാഗമായുള്ള വലിയ ചർച്ചകൾ രാജ്യത്ത് നടക്കുകയും ചെയ്യുമ്പോഴും അന്നത്തെ പാർലമെന്റ് ഡിബേറ്റുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് നാല്പത് ശതമാനത്തിന്റെ വില വർധനവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പാർലമെന്റ് അത് പാസ്സാക്കിയപ്പോൾ 40 ശതമാനം വർധനവ് എന്നത് 30 ശതമാനം എന്നാക്കി മാറ്റി. അവിടെയും പ്രശ്നം അവസാനിച്ചില്ല. അത് അപ്രായോഗികമാണെന്നുള്ള പ്രശ്നം ഉടലെടുത്തു. തദവസരത്തിൽ ഈ 30 ശതമാനത്തിന്റെ വിലവർധനവ് നിലവിൽ വന്നപ്പോൾ ചെറുകിട നാമമാത്ര കർഷകരെ ഒഴിവാക്കിയപ്പോൾ ഇത് പ്രായോഗികമായി നടപ്പാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ വരികയും തുടർന്ന് 1991-ൽതന്നെ ഒരു ജോയിന്റ് പാർലമെന്ററി കമ്മിറ്റി വയ്ക്കുകയും ചെയ്തു. നമ്മുടെ രാജ്യത്തെ ഏറ്റവും സുപ്രധാനമായ

വർഷമായിരുന്നു അത്. മഹാരാഷ്ട്രയിലെ പ്രമുഖനായ കോൺഗ്രസ് നേതാവായ പ്രതാപ് റാവു ബോസ്‌ലെ ആയിരുന്നു പ്രസ്തുത ജോയിന്റ് പാർലമെന്ററി കമ്മിറ്റി(ജെ.പി.സി.)-യുടെ ചെയർമാനായി നിയോഗിക്കുകയും ടി കമ്മിറ്റി 1992-ൽതന്നെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിലാണ് ഫോസ്ഫറസും പൊട്ടാസ്യവുമടങ്ങിയ വളങ്ങൾക്കൊന്നും യാതൊരു വിലനിയന്ത്രണവുമുണ്ടാവാൻ പാടില്ലെന്നും വില നിയന്ത്രണം എടുത്തുമാറ്റണമെന്നും നിഷ്കർഷിച്ചത്. 'കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി' എന്നുപറഞ്ഞതുപോലെ ബജറ്റിൽ പറഞ്ഞതിൽനിന്നും കടുകട്ടി നിർദേശങ്ങളുമായാണ് അന്ന് സംയുക്ത പാർലമെന്ററി കമ്മിറ്റി റിപ്പോർട്ട് വന്നത്. സബ്സിഡികൾ വെട്ടിക്കുറയ്ക്കാനാണ് അന്ന് അവർ ശിപാർശ ചെയ്തത്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നൽകിയ ആഗസ്റ്റ് മാസത്തിൽതന്നെ ആയത് ഗവൺമെന്റ് അംഗീകരിച്ചു. അങ്ങനെയാണ് വില നിശ്ചയിക്കാനുള്ള അവകാശം കമ്പനികൾക്ക് കൊടുക്കുകയും ടണ്ണിന് 1000 രൂപ സബ്സിഡി എന്ന പ്രഖ്യാപിക്കുകയും ചെയ്തത്. ഇപ്പോൾ നമുക്കെല്ലാവർക്കും അതിൽ അഭിപ്രായവ്യത്യാസമുണ്ട്; അത് അപ്രായോഗികമാണെന്ന് നമ്മളെല്ലാവരും പറയുന്നുണ്ട്. യൂറിയ, കീടനാശിനി, ഫാക്റ്റംഫോസ് എന്നിവയുടെ വില

വർധിച്ചുവെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. ഇതെല്ലാം 1991-ലെ നയത്തിന്റെ ഭാഗമാണ്. കോൺഗ്രസ് അംഗങ്ങളിൽനിന്നും കടുത്ത എതിർപ്പുകൾ നേരിട്ടതായി അന്ന് പത്രവാർത്തകളിലുണ്ടായിരുന്നു. ഉക്രൈയിൻ യുദ്ധമുണ്ടായ അവസരത്തിൽ കണ്ടതാണ്. പൊട്ടാസ്യം നൂറ് ശതമാനം ഇറക്കുമതി ചെയ്യുന്നതാണ്. ഇറക്കുമതി അന്നേവരെയും ചെയ്തിരുന്നത് ഗവൺമെന്റ് നിയന്ത്രണത്തിലായിരുന്നു. എന്നാൽ ആ നയത്തോടുകൂടി അത് മാറ്റി കമ്പനികൾക്ക് ഇറക്കുമതി ചെയ്യാമെന്നായി. വില അവർ നിശ്ചയിക്കും. ഇറക്കുമതി ചാർജ്, ട്രാൻസ്പോർട്ട് ചാർജ്, മറ്റ് ചെലവുകൾ എന്നിവയെല്ലാം ചേർത്ത് 1000 രൂപ സബ്സിഡി എന്ന നിലയിലായി. 1992 മുതൽ OGELs (Open General Export Licences) വഴി ആർക്കും ഇറക്കുമതി ചെയ്യാമെന്ന തരത്തിലേക്കെത്തുകയും ചെയ്തു. വിലകളെല്ലാം കമ്പനികൾ നിശ്ചയിക്കുന്ന അവസ്ഥയിലെത്തി. എന്നാൽ ശക്തമായ ചില സമ്മർദങ്ങളുടെ ഭാഗമായി യൂറിയ വില നിയന്ത്രണപ്പട്ടികയിലുൾപ്പെടുത്തുകയും ചെയ്തു. ഈ നയമാണ് 2010 വരെ തുടർന്നുവന്നിരുന്നത്. എന്നാൽ, 2010 നുശേഷം ന്യൂട്രിയന്റ് ബേസിഡായി സബ്സിഡിയെ മാറ്റി. എൻ.പി.കെ.-യുടെ അളവിന്റെ അടിസ്ഥാനത്തിൽ

സബ്സിഡി ഏർപ്പെടുത്തണം എന്നൊരു പുതിയ പരിപാടി കൊണ്ടുവന്നു. അതാണ് ഇപ്പോൾ നിലവിലുള്ള ന്യൂട്രിയന്റ് ബേസിഡ് സബ്സിഡി. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സീസണിലും രാസവള മന്ത്രാലയത്തിന്റെ സെക്രട്ടറിയുൾപ്പെടെയുള്ളവർ കൺവീനറായുള്ള കമ്മിറ്റി തീരുമാനിക്കുന്നതനുസരിച്ചാണ് വില നിശ്ചയിക്കുന്നത്. അങ്ങനെ വില നിശ്ചയിക്കുമ്പോൾ കമ്പനികൾക്ക് ഇറക്കുമതിക്കുള്ള അനുമതി നൽകുകയും അവരുടെ പേരിൽ മറ്റ് നിയന്ത്രണങ്ങളില്ലാതെ ഒരു ചെറിയ സബ്സിഡി മാത്രം സർക്കാർ കൊടുക്കുകയും ചെയ്യുന്നു. ഇത് ഇന്ത്യയിലെ കർഷകർക്ക് വലിയ ദ്രോഹമായി മാറുകയാണ്. അതോടൊപ്പംതന്നെ കഴിഞ്ഞ ബജറ്റ് പരിശോധിച്ചാൽ കാലാകാലങ്ങളിൽ സബ്സിഡിയായി നിശ്ചയിക്കുന്ന തുകയിൽപോലും കുറവുവരുത്തുന്നതായി മനസ്സിലാക്കാൻ സാധിക്കും. ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച കഴിഞ്ഞ കേന്ദ്ര ബജറ്റ് നോക്കുമ്പോൾ വീണ്ടും കാണാൻ കഴിയുന്നത് അതുതന്നെയാണ്. കഴിഞ്ഞ വർഷം നൽകിയിരുന്ന സബ്സിഡി തുകയിൽ വീണ്ടും കുറവ് വരുത്തിയിരിക്കുകയാണ്. ഈ ദുരന്തമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എല്ലാ കാര്യങ്ങൾക്കും മറ്റുള്ളവരെ ആശ്രയിക്കേണ്ട വരികയും

സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന കേരളം പോലൊരു സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾ സഹിക്കണമെന്ന് പറയുന്നത് ശരിയല്ല. കേന്ദ്രത്തിന്റെ ഈ നിലപാടുകൾ തിരുത്തി നമ്മുടെ നാട്ടിലെ കർഷകരെ സഹായിക്കാൻ എല്ലാവരും സംയുക്തമായി ആവശ്യപ്പെടണമെന്ന് തന്നെയാണ് സർക്കാരിന് പറയാനുള്ളത്.

ശ്രീ. സജീവ് ജോസഫ്: സർ, വളത്തിന്റെയും കീടനാശിനിയുടെയും വിലവർധനവിലൂടെ ചെറുകിട കർഷകർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതിതന്നെ ആവിഷ്കരിക്കേണ്ടതുണ്ട്. ഭക്ഷ്യവിളകൾ ഉൽപാദിപ്പിക്കുന്ന കർഷകരെ പൂർണ്ണമായും ജൈവകൃഷിയിലേക്ക് നയിക്കുന്നതിന് എല്ലുപൊടി, കുമ്മായം, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയ വളങ്ങളും സസ്യ സംരക്ഷണത്തിനുവേണ്ടി കോപ്പർ സൾഫേറ്റുൾപ്പെടെയുള്ള കുമിൾനാശിനിയും പകുതി വിലക്ക് ചുരുങ്ങിയത് അഞ്ച് ഏക്കർവരെയുള്ള കർഷകർക്കെങ്കിലും ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നത് ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് ഉപകരിക്കും. അത്തരത്തിലൊരു പ്രത്യേക

പദ്ധതി ആവിഷ്കരിക്കുമോ; കർഷകർക്ക് സബ്സിഡിയും ധനസഹായവും നൽകിയിരുന്നൊരു പദ്ധതി 2012-ൽ നിലവിലുണ്ടായിരുന്നു. അതേ മാതൃകയിൽ പുതിയൊരു പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് സാധ്യമാകുന്ന എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നതാണ്. വിഷരഹിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതിന്റെ അടിസ്ഥാനത്തിലാണ് അത്തരമൊരു കാര്യത്തിലേക്ക് ഗവൺമെന്റ് നീങ്ങിയത്. ജൈവകാർഷിക നയം കേരളത്തിൽ നേരത്തെ പ്രഖ്യാപിച്ചിരുന്നു. ജൈവകാർഷിക നയത്തെത്തുടർന്ന് ആയത് നടപ്പാക്കുന്നതിന് ഒരു പദ്ധതിയും സംവിധാനവുമുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവകാർഷിക മിഷന് രൂപം കൊടുത്തു. അതിലൊന്ന്, ഇത്തരത്തിലുള്ള ജൈവജീവാണു വളങ്ങൾ ഉൽപാദിപ്പിക്കുന്നതിന് പ്രാദേശികമായ സംവിധാനങ്ങൾ ഒരുക്കുക എന്നതാണ്. അതിന്റെ ഭാഗമായി ശ്രീ. സണ്ണി ജോസഫിന്റെ ചോദ്യത്തിന് നൽകിയ മറുപടിയിൽ സൂചിപ്പിച്ചതുപോലെ കേരളത്തിൽ ഇരുപത്തിമൂവായിരത്തിലധികം കൃഷിക്കൂട്ടങ്ങൾ നിലവിലുണ്ട്. അതിൽ

കുറെയേറെ കൃഷികൂട്ടങ്ങൾ ഇത്തരത്തിലുള്ള ഇൻപുട്ടുകൾ തയ്യാറാക്കി നൽകാനാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിനായി അവർക്ക് കൂടുതൽ പരിശീലനം നൽകി പ്രാദേശികമായി ജൈവവളങ്ങളും മറ്റും നിർമ്മിച്ച് നൽകുന്നതിനുള്ള സംവിധാനമൊരുക്കുന്നതാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ, ഗവൺമെന്റിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകമായി പരിശോധിക്കുന്നതായിരിക്കും. അക്കാര്യത്തിൽ സാധ്യമാകുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നുമെന്ന് ഉറപ്പുവരുത്തുന്നതുമാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കാലാവസ്ഥയിലുണ്ടായ വലിയ വ്യതിയാനവും കൂലിചെലവും കാർഷിക മേഖലയെ വലിയ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം, എല്ലാവരും കൃഷിയിലേക്ക്, സുഭിക്ഷം സുരക്ഷിതം, ജീവനി സഞ്ജീവനി, സുഭിക്ഷ കേരളം, ജീവനി എന്നിങ്ങനെ നിരവധി പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയത്. കൂടാതെ നെല്ല് ഉൽപാദനവും ഉൽപാദനം നടത്തുന്ന ഭൂമിയുടെ വ്യസ്തൃതിയും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതായത്, 41053 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന പച്ചക്കറി കൃഷി 2024-ൽ

എത്തുമ്പോൾ 38974 ഹെക്ടറിലേക്ക് ചുരുങ്ങി. 371000 ഹെക്ടർ സ്ഥലത്ത് പഴവർഗ്ഗ കൃഷി ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ അത് 354000-മായി കുറഞ്ഞു. ഇതുകൂടാതെ, തോട്ടവിളകളുടെ വിസ്തൃതിയും കുറയുന്നുണ്ട്. ദീർഘവീക്ഷണമോ കൃത്യമായ ആസൂത്രണമോ പ്രവർത്തന പരിപാടികളോ ഇല്ലാത്തതാണ് ഈ പദ്ധതികൾ ഫലപ്രാപ്തിയിലെത്താത്തതിന് കാരണം. ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; കടക്കെണിയിലായ കർഷകരുടെ കാർഷിക കടം എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇന്നത്തെ ചോദ്യവുമായി ബന്ധപ്പെട്ട വിഷയമല്ല ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. കൃഷിക്കാവശ്യമായ വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ ഇടപെടൽ നടത്തുന്നുണ്ടോ എന്നതുമായി ബന്ധപ്പെട്ട ചോദ്യമാണെങ്കിൽ ഞാൻ അതിനെക്കുറിച്ച് പറയാം. കേരളത്തിൽ പച്ചക്കറിയുടെ ഉൽപാദനത്തിൽ വർധനവാണുണ്ടായിരിക്കുന്നത്. അദ്ദേഹത്തിന്റെ കൈവശമുള്ള കണക്കുകൾ എവിടെനിന്നാണ് ലഭിച്ചതെന്ന് എനിക്കറിയില്ല. പച്ചക്കറികളുടെ ഉൽപാദനത്തിൽ സംസ്ഥാനത്ത് നല്ല രീതിയിലുള്ള വളർച്ച കൈവരിച്ചൊരു

കാലഘട്ടമാണിത്. എന്നാൽ നെല്ലുൽപാദന മേഖലയിൽ വിവിധങ്ങളായ പ്രശ്നങ്ങളുണ്ട്. ചില ഏരിയകൾ പ്രത്യേകമായി പരിശോധിച്ചാൽ അക്കാര്യം വളരെ വ്യക്തമാകുന്നതാണ്. നെല്ലുൽപാദനത്തിൽ കുറവുവന്നുവെന്നോ അല്ലെങ്കിൽ കൃഷി ഭൂമിയുടെ വിസ്തൃതിയിൽ കുറവുവന്നുവെന്നോ പറയുന്നതിൽ മുൻകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് ചിലക്രമക്കേടുകൾ നടന്നിരുന്നതിലുള്ള തിരുത്തലുകൾ സംഭവിച്ചതിന്റെ ഭാഗമായിട്ടാണ്. കേരളത്തിന് പുറത്തുനിന്ന് നെല്ലുകൊണ്ടുവന്ന് ഇവിടത്തെ നെല്ലാണെന്ന് സ്ഥാപിക്കുന്ന ഒരുരീതി കാലങ്ങളായി തുടർന്നുകൊണ്ടിരുന്നു. അത് അവസാനിപ്പിക്കുന്നതിനുള്ള ശക്തമായ നടപടികൾ പോലീസ് സംവിധാനത്തെയുൾപ്പെടെ ഉപയോഗിച്ച് സ്വീകരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ചിലയിടങ്ങളിലൊക്കെ ഇതിന് കുറവുവരുന്ന സാഹചര്യവും സംജാതമായിട്ടുണ്ട്. നെല്ലിന്റെ സംഭരണത്തെ അട്ടിമറിക്കാൻ ഉപകരിക്കുന്ന തരത്തിലാണ് ഇത്തരമൊരു രീതികൾ തുടർന്നുവന്നിരുന്നത്. എന്നാൽ സർക്കാർ കർശനമായ നിലപാടുകൾ സ്വീകരിച്ചതിന്റെ ഭാഗമായി ചില ഏരിയകളിൽ കുറവുവന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്

പുറത്തുനിന്നും നെല്ല് കൊണ്ടുവരുന്നതിനെക്കുറിച്ച് കേരളത്തിലെ പ്രമുഖരായ മാധ്യമ പ്രവർത്തകരുൾപ്പെടെ എന്നോട് നേരിട്ട് സൂചിപ്പിച്ചിരുന്നു. അതിന്റെയെല്ലാം ഫലമായിട്ടാണ് കർശനമായ നിലപാടുകൾ സ്വീകരിച്ചത്. അതിൽ കുറവുവന്നപ്പോഴേയ്ക്കും ചിലയാളുകൾ അതിനെ ആഘോഷമാക്കി കാണിക്കുന്നുണ്ട്. ഈ അവസരത്തിൽ ഒരുകാര്യം ഉറപ്പിച്ചുപറയാൻ സാധിക്കുന്നതാണ്. അതായത്, കാലാവസ്ഥാവ്യതിയാനവും പ്രയാസങ്ങളും പ്രതിസന്ധികളും പ്രകൃതി ദുരന്തങ്ങളുമൊക്കെ ഉണ്ടാകുന്നതിന്റെ ഭാഗമായി ചിലയിടങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കാതെ വന്നേക്കാം. എന്നാൽ കൃഷിയിൽനിന്നും വ്യാപകമായി കർഷകർ മാറുന്നുവെന്നത് അടിസ്ഥാനരഹിതമായ വാദഗതിയാണ്. പ്രതിസന്ധികളുണ്ടാകുന്ന സ്ഥലങ്ങളിൽ കൃത്യമായി ഇടപെടൽ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. തരിശ്ശായി കിടക്കുന്ന ഭൂമികളെ കൂടുതൽ കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നമ്മൾ നടപ്പിലാക്കുന്ന പദ്ധതി, അത്

സർക്കാരിന്റെ ഏതെങ്കിലുമൊരു പദ്ധതിയല്ല, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽതന്നെ വലിയ താൽപര്യമെടുത്ത് ഈ പദ്ധതികളും പരിപാടികളും നടപ്പാക്കുന്ന അംഗമാണ്. കേരളീയരുടെ ഭക്ഷണത്തിന്റെ ആവശ്യകതയെയും സുരക്ഷിതവും വിഷരഹിതമായ ഭക്ഷണം ഉറപ്പാക്കുകയെന്നതിന്റെയും അടിസ്ഥാനത്തിലാണ് ഇത്തരം പരിപാടികൾ ഗവൺമെന്റ് സംഘടിപ്പിച്ചത്. അതെല്ലാം ഒരു ഗവൺമെന്റ് പരിപാടിയെന്നതിനപ്പുറം, ഗവൺമെന്റ് എന്നത് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ നാടിനുവേണ്ടതാണെന്ന് ഉൾക്കൊണ്ടുകൊണ്ട് ആ പരിപാടി നടപ്പിലാക്കുന്ന ഒരു എം.എൽ.എ.-യാണ് അദ്ദേഹം. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ പരിപാടിയിൽ ഞാനും പങ്കെടുത്തതാണ്. അദ്ദേഹം പറഞ്ഞ കണക്കുകൾക്കകത്ത് ചില പൊരുത്തക്കേടുകളുണ്ടെന്നും ഇങ്ങനെയും ചില യാഥാർഥ്യങ്ങളുണ്ടെന്ന കാര്യംകൂടി ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, തരിശ്ശായി കിടന്ന ഏതാണ്ട് രണ്ട്

ഏക്കറോളം സ്ഥലത്ത് പൂക്കോട്ട്കാവ്, താനിക്കുന്നിലെ നാല് ചെറുപ്പക്കാരായ ജോൺസ്, സുനിൽ, മിഥുൻരാജ്, അഭിജിത്ത് എന്നിവർ തണ്ണിമത്തൻ കൃഷി ചെയ്ത് റംസാൻ നോമ്പ് ആരംഭിക്കുന്ന ദിവസം അതിന്റെ വിളവെടുപ്പ് നടത്തുന്ന ഉത്സവം സംഘടിപ്പിക്കുകയുണ്ടായി. ജനപ്രതിനിധികളും നാട്ടുകാരുമെല്ലാം ചേർന്ന് മറ്റുജോലികളിൽ ഏർപ്പെട്ട ആ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള തണ്ണിമത്തന്റെ വിളവെടുപ്പ് ഉത്സവമായാണ് സംഘടിപ്പിച്ചത്. പക്ഷേ അവരെല്ലാം അഭിമുഖീകരിക്കുന്നൊരു പ്രശ്നം എന്താണെന്നുവച്ചാൽ ജൈവവളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളുമായി ബന്ധപ്പെട്ടാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് കുടുംബശ്രീയെയും ഹരിതകർമ്മസേനയെയും ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പ്രാദേശികമായി ജൈവവളങ്ങളെല്ലാം ഉൽപാദിപ്പിച്ച് കർഷകർക്കെത്തിക്കുന്നതിനുള്ള നടപടികൾക്ക് അങ്ങ് നേതൃത്വം നൽകുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാന്യനായ എം.എൽ.എ. പറഞ്ഞ നാല് ചെറുപ്പക്കാരെ ഞാനും ഹൃദയം നിറഞ്ഞ ഭാഷയിൽ അഭിവാദ്യം

ചെയ്യുന്നു. അഭിനന്ദനാർഹമായ കാര്യം തന്നെയാണ് അവരുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. കേരളത്തിൽ നിലവിൽ പഴവർഗ്ഗങ്ങളുടെ കൃഷിയിൽ വൻ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഈ സീസണിൽ ഉൽപാദിപ്പിക്കുന്ന തണ്ണിമത്തൻ കൃഷിയാണ്. കേരളത്തിൽ ഇത് കൃഷി ചെയ്യാൻ സാധിക്കുമോയെന്ന സംശയം പലർക്കുമുണ്ടായിരുന്നു. കേരളത്തിനുപുറത്തുള്ള സ്ഥലങ്ങളിലാണ് ഇതെല്ലാം കൃഷി ചെയ്യുന്നത്. കേരളത്തിലെ മണ്ണും കാലാവസ്ഥയും അത്തരം കൃഷിക്ക് അനുയോജ്യമാണോയെന്ന സംശയം ഇന്ന് മാറിയിട്ടുണ്ട്. എന്റെ നാട്ടിലുൾപ്പെടെ നൂറുക്കണക്കിന് ആളുകളാണ് തണ്ണിമത്തൻ കൃഷിയിലേർപ്പെട്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ കൃഷി ചെയ്യുന്ന തണ്ണിമത്തന് മറ്റു സ്ഥലങ്ങളിലുള്ളതിനെക്കാൾ ഗുണമേന്മ കൂടുതലുണ്ട്. വിവിധയിനം തണ്ണിമത്തനുകൾ കേരളത്തിൽ കൃഷി ചെയ്യുന്നുണ്ട്. നമ്മൾതന്നെ പ്രത്യേകമായി ഉൽപാദിപ്പിച്ച ഹൈബ്രിഡ് വിത്തിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ, ഇതിനാവശ്യമായ വളങ്ങളുടെ പ്രശ്നമുണ്ട്. ഈ പറഞ്ഞ കാര്യം കേരളത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

കുടുംബശ്രീകളും മറ്റുസംവിധാനങ്ങളുമെല്ലാം ചേർത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പ്രാദേശികമായി ജൈവവളങ്ങളെല്ലാം ഉൽപാദിപ്പിച്ച് കർഷകരിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാധ്യമാകുന്ന എല്ലാ സ്ഥലങ്ങളിലും അത് ചെയ്യുന്നതിനാണ് കൃഷിക്കൂട്ടങ്ങളെയുൾപ്പെടെ സജ്ജമാക്കിയിരിക്കുന്നത്. ഏതെല്ലാം സ്ഥലങ്ങളിലാണ് അതിന്റെ കുറവുള്ളതെന്ന് ചൂണ്ടിക്കാണിച്ചാൽ അതിനാവശ്യമായ ഇടപെടലുകൾ നടത്താം. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് ഇത്തരം സംവിധാനം ഒരുക്കുന്നതിനുള്ള നടപടികളിലേക്ക് നീങ്ങിയിട്ടുണ്ട്. അത് ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, വളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് കുറ്റമറ്റ സംവിധാനം നിലവിലുണ്ടോ; ഗുണനിലവാരമില്ലാത്ത വളങ്ങളുടെ വിതരണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. പി. പ്രസാദ്: സർ, വളത്തിന്റെ ഗുണനിലവാരം

പരിശോധിക്കുന്നതിന് നിലവിൽ കേരളത്തിൽ മൂന്ന് ലാബുകളുണ്ട്. വളത്തിന്റെ പരിശോധന നടത്തുന്നതിനായി രണ്ട് ലാബും കീടനാശിനിയുടെ പരിശോധന നടത്തുന്നതിനായി ഒരു ലാബുമുണ്ട്. പ്രതിവർഷം രാസവളത്തിന്റെ പരിശോധനയ്ക്കായി ഏതാണ്ട് നാലായിരത്തിലധികം സാമ്പിളുകൾ ശേഖരിക്കുകയും അവയുടെ പരിശോധന കൃത്യമായി നടത്തുകയും ചെയ്യുന്നുണ്ട്. ബി.എസ്.സി. അഗ്രികൾച്ചർ ബിരുദധാരികളായ കൃഷി ഓഫീസർമാരെയാണ് അതിന്റെ സാമ്പിളെടുത്ത് പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. കീടനാശിനികളുടെ രണ്ടായിരത്തിലധികം സാമ്പിളുകളെടുത്ത് പരിശോധിക്കുന്നുണ്ട്. ഫെർട്ടിലൈസ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ മോശപ്പെട്ടതാണെന്ന് കണ്ടെത്തുന്നവയുടെ വില്പന തടയുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗുണമേന്മയില്ലാത്ത വളം ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നവർക്ക് മുന്നറിയിപ്പ് നൽകുകയും തുടർന്നും അത്തരം പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുന്നുണ്ടെങ്കിൽ അവരുടെ ലൈസൻസുകൾ സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നുണ്ട്. അത്തരത്തിൽ കർഷകർക്ക് നൽകുന്ന വളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

## എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കാൻ നടപടി

2(*272) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എല്ലാ കുടുംബങ്ങളിലും കാർഷികസംസ്കാരം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ കുടുംബങ്ങളിലും കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ തുടർച്ചയായി പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഉൽപാദന,

മൂല്യവർധിത, സേവന മേഖലകളിൽ രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) ഉണ്ട്.

(ബി) നമ്മുടെ സംസ്ഥാനത്ത് സാധ്യമായ എല്ലാ കുടുംബങ്ങളിലും കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പാക്കിയ ജനകീയ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്". കേരളത്തിലെ സാധ്യമായ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരമുണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക എന്നീ ലക്ഷ്യങ്ങൾ ഈ പദ്ധതിയിലൂടെ

സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. പരമാവധി വീടുകളിൽ കൃഷിയിലൂടെ സുരക്ഷിത ഭക്ഷ്യ ഉൽപാദനത്തിന് തുടക്കം കുറിക്കാൻ ഈ ജനകീയ ക്യാമ്പയിനിലൂടെ കഴിഞ്ഞു. ഈ ക്യാമ്പയിൻ വരുംവർഷങ്ങളിലും തുടരും.

2024-25 സാമ്പത്തിക വർഷത്തിൽ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽനിന്നു തന്നെ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധ ഇനങ്ങളടങ്ങിയ 100/- രൂപ വിലവരുന്ന ഒരു ലക്ഷം വിത്തു പായ്ക്കറ്റുകളും, 3/- രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ ഇനം പച്ചക്കറി വിത്തുകളുടെ 10/- രൂപ വിലയുള്ള 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.5 രൂപ വിലയുള്ള 40 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വിലയുള്ള രണ്ട് ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണവും നടത്തിയിട്ടുണ്ട്.

വീടുകൾ കേന്ദ്രീകരിച്ച് ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി ദീർഘകാല വിളകളായ മുരിങ്ങ, അഗത്തി,

കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15/- രൂപ വിലവരുന്ന ഒരു ലക്ഷം തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം നടത്തി. നഗര പ്രദേശങ്ങളിൽ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവരെ ലക്ഷ്യമിട്ട് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു.

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം മുതൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ധനസഹായം നൽകി. സുരക്ഷിത പച്ചക്കറി വീട്ടിൽനിന്നു തന്നെ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്ത് പോഷകത്തോട്ടങ്ങൾ തയ്യാറാക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. പോഷക സമൃദ്ധി മിഷനിലുൾപ്പെടുത്തി വീട്ടുവളപ്പുകളിൽ ഒരു ലക്ഷം പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ (മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമപ്ലാവ്), ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500/- രൂപ സബ്സിഡി നിരക്കിൽ കർഷകന് നൽകിവരുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക,

കൃഷി ചെയ്യുന്നതിനുവേണ്ട മാർഗനിർദേശങ്ങൾ തുടങ്ങിയവയും നൽകിയിട്ടുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽനിന്ന് തന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തുന്നതിനും സഹായിക്കുന്നു. കൂടാതെ പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികളും, കാർഷിക പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

സാധ്യമായ കുടുംബങ്ങളിലെല്ലാം കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) എന്നിവയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലുമുള്ള കുടുംബങ്ങളിൽ കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി അർക്ക വെർട്ടിക്കൽ ഗാർഡനുകളുടെ വിതരണത്തിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. ഒരു സ്ക്വയർ

മീറ്റർ വിസ്തൃതിയിൽ സ്ഥാപിക്കാൻ കഴിയുന്ന നാല് അട്ടുക്കുകളുള്ള അർക്ക വെർട്ടികൽ ഗാർഡൻ ഫ്രെയിമിനൊപ്പം 16 ചെടിച്ചട്ടികൾ, 80 കിലോഗ്രാം നടീൽ മാധ്യമം (ചകിരിച്ചോർ), പച്ചക്കറി വിത്തുകൾ, സസ്യപോഷണ സംരക്ഷണ പദാർഥങ്ങൾ, 25 ലിറ്റർ സംഭരണശേഷിയുള്ള തുള്ളിനന സൗകര്യം എന്നിവ അടങ്ങുന്നതാണ് ഒരു അർക്ക വെർട്ടിക്കൽ ഗാർഡൻ. 22,100/- രൂപ ആകെ ചെലവുവരുന്ന ഒരു യൂണിറ്റിന് 15,525/- രൂപ ധനസഹായത്തോടെയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഗുണഭോതാക്കൾക്ക് ലഭ്യമാക്കുന്നത്. 6,575/- രൂപ ഗുണഭോക്തൃ വിഹിതമായി നൽകിയാൽ മതി.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ വീട്ടുവളപ്പിൽ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം 1000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നു. നിലവിൽ 654.90 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഫലവൃക്ഷത്തോട്ടം തയ്യാറാക്കുന്നതിനായി ഒരു ഹെക്ടറിന് 30,000/- രൂപ ആനുകൂല്യം നൽകുന്നു. പദ്ധതി നിർവ്വഹണം നടന്നുവരികയാണ്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലുൾപ്പെടുത്തി വിവിധയിനം തദ്ദേശീയവും വിദേശീയവുമായ പഴവർഗ്ഗങ്ങളുടെ കൃഷി, പച്ചക്കറിവിളകളുടെ കൃഷി എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നു. ഉൽപാദന ചെലവ് കുറഞ്ഞ ദീർഘകാല ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ തയ്യാറാക്കാൻ മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 30000/- രൂപ 60:20:20 എന്ന അനുപാതത്തിൽ ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലായി നൽകുന്നു. അത്യുത്പാദനശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/- രൂപ ധനസഹായം നൽകുന്നു. പ്രസ്തുത പദ്ധതികൾ കുറഞ്ഞത് 5 സെന്റ് മാത്രം കൃഷി ഭൂമിയുള്ള കുടുംബങ്ങൾക്കും ചെയ്യാവുന്നതാണ്.

(സി&ഡി) ഉണ്ട്.

‘ ഞങ്ങളും കൃഷിയിലേക്ക് പദ്ധതി നടത്തിപ്പിലൂടെ താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കുവാൻ സാദ്ധ്യമായി.

1. ജനങ്ങളിൽ കാർഷിക സംസ്കാരം ഉണർത്തുന്നതിനും കുടുംബം

കേന്ദ്രീകരിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാധിച്ചു.

2. വീടുകൾ കേന്ദ്രീകരിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടെറസ് കൃഷി, വീട്ടുമുറ്റത്തെ കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കാനായി ആവശ്യമായ വിത്തും തൈകളും വിപണന സൗകര്യങ്ങളും നൽകിക്കൊണ്ട് ജനകീയ ഇടപെടലുകൾക്ക് ഊർജ്ജം നൽകി.

3. സുസ്ഥിരമായ ഒരു കാർഷിക മേഖലയ്ക്ക് അടിത്തറയിടുവാൻ സാധ്യമായി.

4. വിഷരഹിത ഭക്ഷണ ഉൽപാദനത്തിൽ പരമാവധി കുടുംബങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി.

5. പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ജനകീയ പങ്കാളിത്തത്തോടെ കാർഷിക മേഖലയിൽ നവീന ഇടപെടലുകൾ സാധ്യമാക്കുന്നതിനും കർഷകരുടെ ഒരു സ്വയം നിയന്ത്രിത സംവിധാനമായി കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു സംരംഭം കാർഷിക മേഖലയിൽ രൂപം കൊള്ളുന്നത്.

6. ആകെ 23568 കൃഷിക്കൂട്ടങ്ങൾ രൂപംകൊണ്ടു. ഉൽപാദന മേഖലയിൽ 19509 ഉം സേവന മേഖലയിൽ 1426 ഉം വിപണന /മൂല്യവർദ്ധനവ് മേഖലയിൽ 2633 ഉം കൃഷിക്കൂട്ടങ്ങളാണ് രൂപീകരിക്കാൻ സാധ്യമായത്.
7. രജിസ്റ്റർ ചെയ്യപ്പെട്ട കൃഷിക്കൂട്ടങ്ങളിൽനിന്നും തിരഞ്ഞെടുത്ത 5000 ഗ്രൂപ്പുകളെ മൂല്യവർദ്ധിത കൃഷി ലക്ഷ്യമാക്കി ഉൽപാദന മേഖലയിലേക്കും 200 ഗ്രൂപ്പുകളെ യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള സേവന മേഖലയിലേക്കും 1000 ഗ്രൂപ്പുകളെ കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും വേണ്ടിയും തയ്യാറാക്കി.
8. ' ഒരു കൃഷിഭവൻ ഒരു ഉൽപന്നം' എന്ന ലക്ഷ്യത്തിൽ 4000 മൂല്യവർദ്ധിത ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കാൻ സാധ്യമായി.
9. കൃഷിക്കൂട്ടങ്ങളെ ജനകീയാസൂത്രണ പദ്ധതിയുടെ മാർഗരേഖയിൽ ഉൾപ്പെടുത്തി പദ്ധതി നടത്തിപ്പിൽ ഏകോപനം ഉറപ്പാക്കി.
10. തദ്ദേശഭരണ സ്ഥാപനതലത്തിൽ കൃഷിക്കൂട്ടങ്ങളുടെ ഫെഡറേഷൻ രൂപീകരിക്കാനുള്ള നടപടികൾ പൂർത്തിയായി.
11. തദ്ദേശഭരണ സ്ഥാപനത്തിൽ ഉൽപാദന വിപണന പ്ലാൻ വാർഡ് തല

മൈക്രോ പ്ലാനുകളിലൂടെ ആസൂത്രണം ചെയ്ത് നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചു.

12. കൃഷിക്കൂട്ടങ്ങൾക്ക് അവർ നൽകുന്ന പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ വെൻച്വർ ക്യാപ്പിറ്റൽ ഫണ്ട് നൽകി.

13. കൃഷിക്കൂട്ടങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തി കർഷക ഉത്പാദക സംഘടനകൾ (FPO) രൂപീകരിക്കുന്ന നടപടികൾ ഘട്ടം ഘട്ടമായി പൂർത്തീകരിച്ചുവരുന്നു.

14. കാർഷിക മേഖലയിലെ മൂല്യവർധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ കൃഷിക്കൂട്ടങ്ങളിലൂടെ കൈക്കൊണ്ടു.

15. കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ കാർഷിക മൂല്യവർധന ഉൽപന്നങ്ങളെ ബ്രാൻഡഡ് ഉൽപന്നങ്ങളാക്കി മാറ്റി.

16. കേരളത്തിന്റെ തനതായ കാർഷിക ഉൽപന്നം ഗുണമേന്മയോടെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടെ കർഷകരും കൃഷിക്കൂട്ടങ്ങളും ഉണ്ടാക്കുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കി കേരള ഗ്രോ ബ്രാൻഡ് നെയിം

നൽകാൻ സാധ്യമായി.

17. 1000 ഉൽപന്നങ്ങൾക്ക് ' കേരളാഗ്രോ ബ്രാൻഡ്' നൽകി. ' കേരളാഗ്രോ" ഉൽപന്നങ്ങളുടെ വിപണി ഉറപ്പാക്കാൻ ആധുനിക സംവിധാനത്തോടെ കേരളഗ്രോ ബ്രാൻഡഡ് സ്റ്റോറുകൾ ആരംഭിക്കാനും കഴിഞ്ഞു. ഇന്ത്യയിലാദ്യമായാണ് ഇങ്ങനെ ഒരു പദ്ധതി നടപ്പാക്കുന്നത്.

18. കാർഷിക സംരംഭകരുടെ ഉൽപന്ന പാക്കേജുകൾ കൂടുതൽ ആകർഷകമാക്കാൻ ആവശ്യമായ പരിശീലനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജുമായി ധാരണപത്രം ഒപ്പുവച്ച് നൽകി വരുന്നു.

19. കൃഷിക്കൂട്ടങ്ങളുടെ കൂട്ടായ്മയിലൂടെ ഉൽപാദന സേവന മൂല്യവർദ്ധന മേഖലയിൽ 150000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാധ്യമായി.

20. കർഷകരും കൃഷിക്കൂട്ടങ്ങളും ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാകുവാനും കാർഷിക ഉൽപന്നങ്ങളുടെ ലാഭം ഇടനിലക്കാർ കൊണ്ടുപോകുന്ന അവസ്ഥാവിശേഷം ഒഴിവാക്കുവാനും വിപണന മേഖല സജീവമാക്കുവാനും കർഷകരുടെ കൂടി ഓഹരി

ഉടമസ്ഥതയിൽ കാബ്കോ (കേരള അഗ്രോ ബിസിനസ്സ് കമ്പനി) എന്ന പേരിൽ കമ്പനി രൂപീകരിച്ചു.

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിജയകരമായതിന്റെ അടിസ്ഥാനത്തിൽ ഈ ക്യാമ്പയിന്റെ തുടർച്ചയായി സമഗ്ര ഇടപെടലുകൾക്കാണ് സർക്കാർ ഊന്നൽ നൽകുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൃഷിവകുപ്പിന്റെയും സംയുക്ത നേതൃത്വത്തിലായിരിക്കും സമഗ്ര ഇടപെടലുകൾ സാധ്യമാകുക. ഇതിനായി 2033 ലക്ഷ്യമാക്കി ആസൂത്രണം ചെയ്തിരിക്കുന്ന ദീർഘകാല വിഷൻ ആയ ' വിഷൻ 2033' ലൂടെ താഴെ വിവരിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയാണ്.

1. കൃഷി സമൃദ്ധി
2. സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം
3. കയറ്റുമതി ലക്ഷ്യമാക്കി ഒരു ലക്ഷം ഹെക്ടറിൽ മൂല്യവർദ്ധിത കൃഷി.
4. നവോ-ധൻ പദ്ധതി വഴി ഒരു ലക്ഷം ഹെക്ടറിൽ പുതുതായി കൃഷി.

1. പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ' കൃഷി സമൃദ്ധി' ലക്ഷ്യമിടുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ, ഭൗതികമായും സാമ്പത്തികമായും വിവിധ വകുപ്പുകളേയും ഏജൻസികളെയും ഏകോപിപ്പിച്ച്, ഘട്ടംഘട്ടമായി കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പാക്കും. കൃഷി സമൃദ്ധിയുടെ ആദ്യഘട്ടമായി തിരഞ്ഞെടുക്കപ്പെട്ട 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പാക്കി വരുന്നത്. അടുത്ത സാമ്പത്തിക വർഷം 393 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിലൂടെ 500 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി വ്യാപിപ്പിക്കാൻ സാധ്യമാകും. വാർഡ് തലത്തിൽ, ഓരോ പ്രദേശത്തിന്റെയും വിളകളുടെയും പ്രത്യേകതകൾ അടിസ്ഥാനമാക്കി, ജനകീയ പങ്കാളിത്തത്തോടെ ഉൽപാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കിയാണ് കൃഷിസമൃദ്ധി നടപ്പാക്കുന്നത്. ഉൽപാദന വർധനവിനും കൃഷി വ്യാപനത്തിനും ഉതകുമാറ് കാർഷിക സേവനങ്ങൾ, ഉൽപാദനോപാധികൾ എന്നിവ ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും പിന്തുണ നൽകുന്നു. മൂല്യവർധനവ്, വിപണനം, നൂതന കൃഷി രീതികൾ എന്നിവ സാധ്യമാക്കുന്നതിന് കൃഷി

വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും ഏജൻസികളുടെയും സംഘടനകളുടെയും ബന്ധപ്പെട്ട പദ്ധതികൾ കണ്ടെത്തി കൃഷി സമൃദ്ധിയിലൂടെ ഏകോപിപ്പിക്കുന്നു.

2. പച്ചക്കറിയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യ പ്രാപ്തിക്കായി അടുത്ത 5 വർഷം കൊണ്ട് പൂർത്തീകരിക്കുന്ന വിധം "സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം" ആരംഭ ഘട്ടത്തിലാണ്.

3. ' ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ രൂപീകരിച്ചതും ഉൽപാദന, സേവന, വിപണന മൂല്യവർധന മേഖലയിൽ സജ്ജവുമായ കൃഷിക്കൂട്ടങ്ങളെ ശാക്തീകരിച്ച് പ്രാദേശിക സർക്കാരുകളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെ ഉൽപാദനത്തിനനുസരിച്ചുള്ള വിപണിയും ഉൽപന്നങ്ങൾക്കുള്ള വിലയും ഉറപ്പുനൽകി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഘട്ടംഘട്ടമായി കയറ്റുമതി ലക്ഷ്യമാക്കി ഒരു ലക്ഷം ഹെക്ടറിൽ മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടികൾ ആരംഭിച്ചു. ഇക്കാര്യത്തിന് ആവശ്യമായ പിന്തുണ കേരള അഗ്രോ ബിസിനസ് കമ്പനി നൽകും.

4. വാണിജ്യ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും കൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് കൃഷിഭൂമി ലഭ്യമാകാത്ത അവസ്ഥാവിശേഷം

പരിഹരിക്കാനും കൃഷിഭൂമി കൈവശമുള്ളവർ പല കാരണങ്ങളാൽ അത് കൃഷിക്ക് നൽകാതെ തരിശിടുന്നത് ഒഴിവാക്കാനും നവോ-ധൻ പദ്ധതി നടപ്പാക്കി തുടങ്ങി. നവോ-ധൻ പദ്ധതി വഴി ഒരു ലക്ഷം ഹെക്ടറിലെ കൃഷിയാണ് ലക്ഷ്യമിടുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, രാജ്യത്തെ കാർഷികമേഖലയെ വളരെ ഗുരുതരമായി ബാധിച്ച കരാറാണ് ആസിയാൻ കരാർ. ആർ.സി.ഇ.പി. (റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്) കരാർ ആസിയാൻ രാജ്യങ്ങളും മറ്റുരാജ്യങ്ങളും ചേർന്നുള്ള കരാറാണ്. അത് രാജ്യത്തെ പ്രത്യേകിച്ച് സംസ്ഥാനത്തെ കാർഷികമേഖലയെ ഏതെല്ലാംതരത്തിൽ ബാധിക്കുന്നുയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, അങ്ങേയറ്റം ബുദ്ധിമുട്ടേറുന്ന ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. രാസവളത്തിന്റെ വിലയുമായി ബന്ധപ്പെട്ട് 1991 കാലഘട്ടത്തിൽവന്ന നിയന്ത്രണങ്ങളെയും നടപടികളെയുംകുറിച്ച് ഇവിടെ സൂചിപ്പിച്ചു. വളരെ ആവേശത്തോടെയാണ് ഇത്തരം കാര്യങ്ങളെ അന്ന് നമ്മുടെ ഭരണാധികാരികൾ വാരിപ്പുണർന്നത്.

റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ് എന്ന ആർ.സി.ഇ.പി. കരാർ നടപ്പാകുമ്പോൾ അതിലൂടെ 15 രാജ്യങ്ങൾ അതിൽ പങ്കാളിയാകുമ്പോൾ വിലക്കുറവുള്ള കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി സാധ്യമായാൽ ഈ നാട്ടിലെ കർഷകരെ അത് ഏറ്റവും ദോഷകരമായി ബാധിക്കുന്നതരത്തിലേയ്ക്കെത്തും. ചെലവുകുറഞ്ഞ ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ നാട്ടിൽ ആഭ്യന്തരമായി ഉൽപാദനം നടത്തുന്ന കർഷകർക്ക് പിടിച്ചുനിൽക്കാൻ  പ്രയാസമാകും. ഇതെല്ലാം കർഷകർക്ക് തൊഴിൽ നഷ്ടമുണ്ടാക്കുകയും മറ്റുചില രാജ്യങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രയോജനകരമാകുന്നതരത്തിലേയ്ക്ക് എത്തുകയും ചെയ്യും. സംസ്ഥാനത്തെ കാർഷികമേഖലയ്ക്ക് ആർ.സി.ഇ.പി. കരാർ അങ്ങേയറ്റം ദോഷകരമാകും. കാർഷികേതരം മാത്രമല്ല, ഇതിന്റെ ഭാഗമായി പാലുൾപ്പെടെയുള്ള ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന സ്ഥിതി സംജാതമാവുകയും ചെയ്യും. അങ്ങനെ സംഭവിക്കുമ്പോൾ ഇത് ക്ഷീരകർഷകരടക്കമുള്ളവരെ ഏറ്റവും പ്രതികൂലമായി ബാധിക്കും. റബ്ബർ മേഖലയിലേതടക്കമുള്ള കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ നേരിട്ടുകണ്ട് സംസാരിച്ചപ്പോൾ ഇക്കാര്യങ്ങളിൽ തിരുത്തലുണ്ടാകണമെന്ന്

ചൂണ്ടിക്കാണിച്ചതാണ്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ അൽപ്പംപോലും മാറ്റം വരുത്താതെ ഈ നയവുമായി മുന്നോട്ടുപോകുകയാണ്. നികുതിയുമായി ബന്ധപ്പെട്ട് അമേരിക്കൻ പ്രസിഡന്റ് കഴിഞ്ഞ ദിവസം നടത്തിയ സ്റ്റേറ്റ്മെന്റുകൾ അംഗങ്ങളെല്ലാം വായിച്ചിട്ടുണ്ട്. അതുകൂടി പ്രാവർത്തികമാകുമ്പോൾ തുടർന്നുള്ള തീരുമാനം എന്താകുമെന്നത് ആലോചിക്കാവുന്നതേയുള്ളൂ. വല്ലാത്ത ബുദ്ധിമുട്ടിലേയ്ക്ക് നാടിന്റെ കാർഷികമേഖല മാറുന്ന തരത്തിലേയ്ക്കെത്തും. രാജ്യമൊന്നാകെ ശക്തമായ ഇടപെടലുണ്ടാകേണ്ടത് അനിവാര്യമാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കാനാവശ്യമായ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉൽപാദിപ്പിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉൽപാദിപ്പിക്കുന്നതിനുള്ള ശ്രമത്തിലേയ്ക്കാണ് സർക്കാർ നീങ്ങുന്നത്.

എല്ലാരുടെയും സംയുക്ത സഹകരണത്തോടെ ആയത് വിജയിപ്പിക്കേണ്ടത് അനിവാര്യമാണ്. അടുത്തമാസത്തോടുകൂടി സമഗ്രമായ പച്ചക്കറി ഉൽപാദന യജ്ഞത്തിലേയ്ക്ക് കടക്കണമെന്നാണ് സർക്കാർ ആലോചിച്ചിരിക്കുന്നത്. അതൊരു സർക്കാർ പരിപാടിയായിട്ടല്ല, കേരളത്തിലെ ഓരോ വീടുകളെയും പങ്കാളിയാക്കുന്ന ഒരു പരിപാടിയായി ഏറ്റെടുക്കാൻ സാധിക്കും. കേരളത്തിനാവശ്യമായ അരി ഉൽപാദിപ്പിക്കാൻ തിരുവിതാംകൂറും കൊച്ചിയും മലബാറുമായിരുന്ന കാലത്തുപോലും സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. ഇപ്പോൾ വയലുകളുടെ വിസ്തൃതി കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ മുമ്പിൽ പ്രയാസവും പ്രതിസന്ധിയുമെല്ലാമാണ്. എന്നാൽ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ഇലവർഗ്ഗങ്ങളുമെല്ലാം ഇവിടെത്തന്നെ ഉൽപാദിപ്പിക്കാൻ കഴിയുമെന്നിരിക്കെ മറുനാടുകളെ ആശ്രയിക്കുന്ന രീതി ശരിയല്ല. അത് കേവലമായ അർത്ഥത്തിൽ സ്വയംപര്യാപ്തതയല്ല, വിഷരഹിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതുകൂടി ലക്ഷ്യംവച്ചുകൊണ്ടാണ്. ആ പദ്ധതിയിലേയ്ക്ക് നീങ്ങുമ്പോൾ എല്ലാപേരുടെയും പിന്തുണയും പിൻബലവും ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ലഭ്യമാകുന്ന പച്ചക്കറി ഇനങ്ങളിലടങ്ങിയിട്ടുള്ള കീടനാശിനികളുടെ

അവശിഷ്ടങ്ങൾ പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ട്. കൃത്യമായ ഇടവേളകളിൽ അതെല്ലാം പരിശോധിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുമുണ്ട്. അത്തരത്തിലുള്ള ഇടപെടലുകൾ സർക്കാർ നടത്തുന്നുണ്ട്. ചില സമയങ്ങളിൽ അത്തരം പരിശോധനയിൽ കുറവുവരുന്നതായി ശ്രദ്ധയിൽപ്പെടുന്നുണ്ട്. സമൂഹത്തിന്റെ നല്ലൊരു ഇടപെടൽ കൂടി ഉണ്ടായാൽ അത് വിജയിപ്പിച്ച് മുന്നോട്ടുപോകാൻ സാധിക്കും. പരിശോധന കൃത്യമായി നടത്തുന്നുണ്ട്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, കേരളത്തിലെ കാർഷികരംഗം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് ആവശ്യമായ കൃഷിഭൂമിയില്ല എന്നതാണ്. അതോടൊപ്പംതന്നെ കൃഷി ചെയ്യാതെ തരിശ്ശായിക്കിടക്കുന്ന ഭൂമിയും അന്യാധീനപ്പെട്ട ഭൂമിയും കാണാൻ സാധിക്കും. വിവിധ കാരണങ്ങളാൽ ഗവൺമെന്റ് ഏറ്റെടുക്കുന്ന ബോട്ടിങ് ലാൻഡുകൾ പല പ്രദേശത്തുമുണ്ട്. അതുകൊണ്ട് കൃഷിവ്യാപനത്തിനായി ഇത്തരം ഭൂമി കണ്ടെത്തി കൃഷിചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, അതുസംബന്ധിച്ചുള്ള നീക്കം ഗവൺമെന്റ്

നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി 'നവോത്ഥാൻ' എന്ന പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഇക്കണോമിക് സർവേയിലെ ഏറ്റവും നല്ലൊരു പരിപാടിയാണ് 'നവോത്ഥാൻ' എന്നാണ് സൂചിപ്പിച്ചത്. സ്വകാര്യ വ്യക്തികളുടെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും കൈവശമുള്ളതും കൃഷിക്ക് ഉപയോഗിക്കാവുന്നതുമായ ഭൂമി കണ്ടെത്തി കർഷകനും ഭൂവുടമയുമായും 1872-ലെ ഇന്ത്യൻ കോൺട്രാക്റ്റ് ആക്റ്റനുസരിച്ച് ഒരു ധാരണയിലെത്തി പരസ്പര കരാറിന്റെയടിസ്ഥാനത്തിൽ ദീർഘകാല കൃഷിക്കായി കർഷകന് നൽകുന്ന രീതിയാണ് 'നവോത്ഥാൻ' പദ്ധതിയുടെ ഭാഗമായി ചെയ്തിരിക്കുന്നത്. ആയിരക്കണക്കിന് ഭൂമി ഇപ്പോൾത്തന്നെ ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. നിലവിൽ 4700 ഏക്കർ ഭൂമി പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ കൃഷിക്കാർക്ക് ഭൂമി നൽകി കൃഷി ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കും. അതോടൊപ്പംതന്നെ പതിനൊന്നുമാസക്കാലയളവിൽ വിളവെടുപ്പ് നടത്താവുന്ന ഹ്രസ്വകാല വിളകൾക്ക് പ്രാധാന്യം നൽകി, കൃഷിക്കൂട്ടങ്ങൾക്കും കർഷകരുടെ ഗ്രൂപ്പുകൾക്കും കുടുംബശ്രീകൾക്കുമടക്കമുള്ള സംവിധാനങ്ങൾക്കും വ്യക്തികൾക്കുമൊക്കെ കൃഷി ചെയ്യുന്നതിനുവേണ്ടി ഒരു

ക്രോപ്പ് കൾട്ടിവേറ്റേഴ്സ് കാർഡ് കൊണ്ടുവരണമെന്ന് ആലോചിക്കുന്നുണ്ട്. അത് നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കി ആ നിയമത്തിന്റെ പിൻബലത്തോടുകൂടി അത് കൊണ്ടുവരണമെന്നാണ് സർക്കാർ ആലോചിക്കുന്നത്. അതിന്റെ നടപടികളിലേയ്ക്ക് സർക്കാർ നീങ്ങിയിട്ടുണ്ട്. തരിശ്ശായിക്കിടക്കുന്ന മുഴുവൻ ഭൂമിയും ഉപയോഗപ്രദമാക്കുന്ന തരത്തിലേയ്ക്കും കൃഷിക്കാർക്ക് സഹായകമാകുന്ന തരത്തിലേയ്ക്കും പുതിയ ആളുകൾ അതിലേയ്ക്കെത്തുന്ന തരത്തിലേയ്ക്കും ഒരു സംവിധാനം സർക്കാർ ഒരുക്കുന്നതായിരിക്കും.

ശ്രീ. വി. ശശി: സർ, 2024-ൽ നെൽകൃഷിക്കായി 2.87 ലക്ഷം ഹെക്ടർ ഭൂമി കേരളത്തിലുണ്ടായിരുന്നുവെങ്കിൽ ഇന്നത് 1.79 ലക്ഷം ഹെക്ടറായി കുറഞ്ഞുവെന്നാണ് സാമ്പത്തിക സർവേ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. നിലം കൈയേറ്റം, കാർഷികേതര ആവശ്യങ്ങൾക്കായി നിലങ്ങൾ ഉപയോഗിക്കുന്ന പ്രവണത എന്നിവയാണ് നെൽവയൽ വിസ്തൃതി കുറയാനുണ്ടായ കാരണങ്ങൾ. ഭക്ഷ്യസുരക്ഷയെ ഗുരുതരമായി ബാധിക്കുന്ന ഈ സ്ഥിതിവിശേഷം നേരിടാൻ നിലവിൽ ലഭ്യമായ നിലങ്ങളെങ്കിലും നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. നേരത്തെ ശ്രീ. സനീഷ് കുമാർ ജോസഫ് ഉന്നയിച്ച വിഷയത്തോട് കൂട്ടിചേർത്ത് പറയേണ്ട കാര്യമാണിത്. നെൽവയലുകളുടെ വിസ്തൃതി അൽപംപോലും കുറയാൻ പാടില്ലാത്തതും നിലവിൽ ലഭ്യമായിട്ടുള്ള മുഴുവൻ വയലുകളും ആ അർഥത്തിൽ ഉപയോഗിക്കേണ്ടതുണ്ട്. അത് ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽമാത്രം കണക്കുകൂട്ടിക്കൊണ്ടല്ല. 2008-ൽ പ്രസ്തുത നിയമനിർമ്മാണത്തിന്റെ ഭാഗമായ നിരവധി ബഹുമാന്യരായ അംഗങ്ങൾ ഇവിടെ ഇപ്പോഴുമുണ്ട്. നെൽവയലുകൾ നൽകുന്ന പാരിസ്ഥിതിക പ്രാധാന്യംകൂടി കണക്കിലെടുത്ത് ഒരേക്കർ വയൽ ഒരു വർഷം അഞ്ച് കോടി ലിറ്റർ വെള്ളം സംഭരിച്ച് ഭൂമിക്കടിയിലേയ്ക്ക് സംഭാവന ചെയ്യുവെന്നാണ് ശാസ്ത്രീയമായി കണക്കാക്കിയിട്ടുള്ളത്. ഒരു കുപ്പി വെള്ളത്തിന് 20 രൂപ കൊടുക്കുന്ന മലയാളി  ഒരേക്കർ വയൽ വെള്ളം സംഭരിച്ചുനൽകുന്ന കണക്കുകളെക്കുറിച്ച് പലപ്പോഴും ഗൗരവമായി ചിന്തിക്കുകപോലും ചെയ്യുന്നില്ലെന്നതാണ് ഏറെ പ്രയാസകരമായ വസ്തുത. ഈ പ്രാധാന്യംകൂടി കണക്കിലെടുത്താണ് 2008-ൽ കേരള നിയമസഭ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത്.

അവശേഷിക്കുന്ന നെൽവയലുകളെ എന്തുവിലകൊടുത്തും സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ധനകാര്യ പ്രതിസന്ധികൾ ഇല്ലെങ്കിൽ, യഥാർഥത്തിൽ ഫോറസ്റ്റ് റിസർവ്വുപോലെ പാഡി റിസർവ് ഉണ്ടാകേണ്ടത് അനിവാര്യമായിരുന്നു. പക്ഷേ കർഷകന്റെ കൈവശമുള്ള വയലുകൾ നാളെ റിസർവ് വയലുകളെന്ന് പ്രഖ്യാപിക്കാൻ സാധിക്കില്ല. വില കൊടുത്ത് സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. വെള്ളത്തിന്റെ ആംഗിളിൽ നോക്കുമ്പോൾ ചിലപ്പോൾ ഇന്ന് ചില പ്രയാസങ്ങളുണ്ടാകും. കുട്ടനാട്ടിലെ എം.എൽ.എ. ഇവിടെയുണ്ട്. കുട്ടനാടുപോലുള്ള പ്രദേശത്ത് ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കണം. നെൽവയലുകളിൽ ചിലപ്പോൾ സ്വാഭാവിക വ്യതിയാനം വരുത്തിയേ മതിയാവുകയുള്ളൂ. അങ്ങനെ അടിയന്തരമായ ചില കാര്യങ്ങളും അവശ്യംവേണ്ടുന്ന കാര്യങ്ങൾക്കുമല്ലാതെ ഒരിഞ്ച് വയൽപോലും നികത്തുന്നതിന് സർക്കാർ അനുകൂലിക്കുകയോ യാതൊരു തരത്തിലുമുള്ള അംഗീകാരം നൽകുകയോ ചെയ്യുന്നില്ല. ചിലരെല്ലാം അങ്കണവാടിക്ക് നെൽവയൽ സംഭാവന ചെയ്യുന്നുവൊന്നൊക്കെ പറഞ്ഞുവരുന്നുണ്ട്. അവരെയൊക്കെ മഹാമനസ്കരായി വാഴ്ത്തിക്കൊണ്ട് ചില ആൾക്കാരൊക്കെ മുമ്പിലേയ്ക്ക് വരാറുണ്ട്. അങ്കണവാടിക്ക് മൂന്ന് സെന്റ് വസ്തു കൊടുക്കുമ്പോൾ

ബാക്കിയുള്ള നിലം നികത്തുന്നതിനുവേണ്ടിയുള്ള ഒരു പരിപാടിയുമായാണ് അത്തരം ആളുകൾ മുന്നോട്ടുവരുന്നത്. അത്തരം കാര്യങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതല്ല. ഏറ്റവും അത്യന്താപേക്ഷിതമായി വേണ്ടിവരുന്ന ഇടങ്ങളിലല്ലാതെ ഒരുതരത്തിലും ഒരു നിയമത്തിനകത്ത് ഒരു വിട്ടുവീഴ്ചയും ചെയ്യുന്നില്ല. അവശേഷിക്കുന്ന വയലുകളെ ഭക്ഷണത്തിന്റെയും ജലത്തിന്റെയുമെല്ലാം കണക്കിലെടുത്തുകൊണ്ട് സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന നിലപാടിൽ തന്നെയാണ് സർക്കാർ നിലനിൽക്കുന്നത്. നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോവുക തന്നെ ചെയ്യും.

ശ്രീമതി സി. കെ. ആശ: സർ, ഉൽപാദന വർധനവിന് അടിസ്ഥാനസൗകര്യ വികസനം അത്യന്താപേക്ഷിതമാണ്. നിലവിൽ കാർഷികമേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണുള്ളത്; കൃഷിക്കാവശ്യമായ ഫണ്ട് പ്രസ്തുത പദ്ധതികളിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കാർഷികമേഖലയ്ക്ക് സാമ്പത്തികമായി നല്ലൊരു പിന്തുണ കൊടുക്കേണ്ടത് അനിവാര്യമാണ്. അതിന്റെ

അടിസ്ഥാനത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്, റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (RIDF), രാഷ്ട്രീയ കൃഷിവികാസ് യോജന, സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ, SMAM എന്നീ പദ്ധതികൾക്കെല്ലാം തുക വിനിയോഗിക്കുന്നുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 486 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ കേരളത്തിന്റെ കാർഷികമേഖലയുമായി ബന്ധപ്പെടുത്തി നടത്താൻ സാധിച്ചു. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടുവഴി 1152 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. രണ്ടുവർഷം മുമ്പ് എ.ഐ.എഫ്. പദ്ധതിയെക്കുറിച്ച് നിയമസഭ ചർച്ച ചെയ്തതാണ്. തുകയുടെ വിനിയോഗത്തിൽ സംസ്ഥാനം പുറകോട്ടാണെന്നൊക്കെ ചിലരൊക്കെ അഭിപ്രായപ്പെടുന്നുണ്ടായിരുന്നു. ഇപ്പോൾ നോക്കുമ്പോൾ, എ.ഐ.എഫ്.-ന്റെ അടിസ്ഥാനത്തിൽത്തന്നെ 2980 ഗുണഭോക്താക്കൾക്കായി 1152 കോടി രൂപയുടെ സഹായം എത്തിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്.

പദ്ധതികളിൽനിന്ന് ലഭ്യമാകുന്ന തുകയും ഇത്തരത്തിൽ വന്നിട്ടുണ്ട്. അതോടൊപ്പം നബാർഡിനുകീഴിൽ 'റിയാസ്' (RIAS-Rural Infrastructure Assistance to State Governments) എന്ന പുതിയൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ 1576 കോടി രൂപയുടെ പദ്ധതികൾ കേരളം സമർപ്പിച്ചിട്ടുണ്ട്. സാധ്യമാകുന്നിടത്തെല്ലാം സാമ്പത്തികമായ സഹായങ്ങൾ എത്തിച്ചുകൊണ്ട് കേരളത്തിന്റെ കാർഷികമേഖലയിൽ അടിസ്ഥാന സൗകര്യ വികസനം എത്തിക്കുന്നതിനാണ് സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ മുപ്പത് ശതമാനം ഉൽപാദനമേഖലയ്ക്ക് വേണ്ടിയാണ് നീക്കിവയ്ക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കോടിക്കണക്കിന് രൂപയാണ് ഉൽപാദനമേഖലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറ്റിവച്ചത്. ഈ ഫണ്ടുപയോഗിച്ച് കാർഷികരംഗത്ത് എന്തെങ്കിലും പുരോഗതി കൈവരിക്കാൻ സാധ്യമായിട്ടുണ്ടോയെന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ

കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകാൻ കൃഷിവകുപ്പ് മുൻകൈ എടുക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, വളരെ പ്രസക്തമായൊരു കാര്യമാണദ്ദേഹം ചൂണ്ടിക്കാണിച്ചത്. മുപ്പത് മുതൽ നാൽപ്പത് ശതമാനം വരെ പ്രാഥമിക മേഖലയ്ക്കുവേണ്ടി നീക്കിവയ്ക്കണമെന്നാണ് നിർദേശിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ ഞങ്ങൾ ഒരു പരിശോധന നടത്തി. നീക്കിവച്ചതിന്റെയും ഇടപെടലിന്റെയും ഭാഗമായി പുരോഗതി ഉണ്ടായിട്ടുണ്ടോയെന്ന് ചോദിച്ചാൽ, പുരോഗതി ഉണ്ടെന്ന് നിസ്സംശയം പറയാൻ കഴിയും. പ്രസ്തുത പുരോഗതി ഇനിയും മുന്നോട്ടുകൊണ്ട് പോകേണ്ടതുണ്ട്, അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ച പച്ചക്കറിയുടെ ഉൽപാദനത്തിലുൾപ്പെടെ വർധനവ് ഉണ്ടാകുന്ന തരത്തിലേക്കെത്തിയത്. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനായുള്ള ഇടപെടൽ നടത്തുമോയെന്ന് അങ്ങ് രണ്ടാമത്തെ ഭാഗത്തിൽ ഇവിടെ ചോദിച്ചു; ഞങ്ങൾ എല്ലാ മേഖലാടിസ്ഥാനത്തിലും കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന്, കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന്

കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്. അതിനായൊരു പ്രോജക്ട് ബാങ്കും ഉണ്ടാക്കാൻ തീരുമാനിച്ചു. പ്രസ്തുത പ്രോജക്ട് ബാങ്കിലേക്ക് ഓരോ ജില്ലാടിസ്ഥാനത്തിലും പദ്ധതികൾ എന്തെല്ലാമായിരിക്കണമെന്നതിനെക്കുറിച്ചൊരു പ്രോജക്ട് തയ്യാറാക്കുന്നു. സംസ്ഥാന അടിസ്ഥാനത്തിൽ അതിനൊരു അവലോകനം നടത്തുന്നു. അങ്ങനെയത് പ്രോജക്ട് ബാങ്കുകളിൽ വരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും അവർക്ക് ആവശ്യമായവയെടുത്ത് അവിടെ പ്രയോഗിക്കാവുന്ന തരത്തിലേക്ക് ഒരിടപെടൽ കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. ഒരു നാടിന് അനിവാര്യമായ പ്രാദേശിക വിഭവങ്ങൾ ഉൽപാദിപ്പിക്കാൻ സാധിക്കുമോയെന്ന് കണക്കുകളുടെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ കണക്കുകൂട്ടി നോക്കിയിട്ട് അങ്ങനെചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കൃഷിയുമായി ബന്ധപ്പെട്ട ആസൂത്രണം നടക്കേണ്ടത് പ്ലാനിംഗ് ബോർഡിലോ, സെക്രട്ടേറിയറ്റിലോ, കൃഷി വകുപ്പിന്റെ ഡയറക്ടറേറ്റിലോ മാത്രമായിട്ടല്ല. കൃഷിയുമായി ബന്ധപ്പെട്ട ആസൂത്രണം നടക്കേണ്ടത് കൃഷിയിടവുമായി ബന്ധപ്പെട്ട് തന്നെയായിരിക്കണം. അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ അവിടത്തെ മണ്ണ്, അവിടത്തെ കൃഷി, അവിടത്തെ കർഷകർ അവരെ കൃത്യമായെന്നവണ്ണം ഈ ആസൂത്രണ പ്രക്രിയയിൽ പങ്കാളിയാക്കിക്കൊണ്ട് ആ നാടിന് അനുയോജ്യമാകുന്ന മെച്ചപ്പെട്ട കൃഷി എന്താണെന്ന് കണക്കാക്കി അത് ചെയ്യണമെന്നാണ്. അതിനാൽ ഞങ്ങൾ വിളയെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിയിൽനിന്ന് മാറി. സാധാരണയായി തെങ്ങിനൊരു പദ്ധതി, വാഴയ്ക്കൊരു പദ്ധതി, കപ്പയ്ക്കൊരു പദ്ധതി എന്ന രീതിയിലായിരുന്നു. അതിൽ നിന്നുമാറി വിളയിടത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതികളിലേക്ക് ഞങ്ങൾ നീങ്ങി. അതിന്റെ ഭാഗമായിട്ടാണ് ഈ പരിപാടിയും വന്നിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ പ്രോജക്ട് തയ്യാറാക്കാനുള്ള സംവിധാനം കേരളത്തിൽ ഒരുങ്ങിയിട്ടുണ്ട്. അത് വ്യാപകമായി നടപ്പിലാക്കും.

### ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവെക്കുന്ന കരിക്കുലം ചട്ടക്കൂട്

(*273) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. പി. പി. സുമോദ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്ന കരിക്കുലം ചട്ടക്കൂടിന്റെ സ്വഭാവത്തിൽനിന്നും ഏതെല്ലാം തരത്തിലാണ് കേരളം നിർദേശിക്കുന്ന കരിക്കുലം ചട്ടക്കൂട് വ്യത്യസ്തമായിരിക്കുന്നത്; കേരളത്തിന്റേതായ പ്രായോഗിക ബദലുകൾ എങ്ങനെയാണ് ഉൾച്ചേർത്തിരിക്കുന്നത് എന്നറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) മികവിനും ഗുണനിലവാരത്തിനുമൊപ്പം പ്രാപ്യതയും തുല്യതയും ഉറപ്പുവരുത്തണമെന്ന കാഴ്ചപ്പാട് കേരളം മുന്നോട്ടുവയ്ക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ) കേരളം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന കരിക്കുലം പരിഷ്കരണം, നാലുവർഷ ബിരുദ പ്രോഗ്രാം തുടങ്ങിയ വിവിധങ്ങളായ പരിഷ്കാരങ്ങൾ ശ്യാം ബി. മേനോൻ അധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനും പ്രൊഫ. സുരേഷ്ദാസ് അധ്യക്ഷനായ ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റിയും മുമ്പോട്ടുവെച്ച കരിക്കുലം ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ

രൂപപ്പെടുത്തിയിട്ടുള്ളതാണ്. മികവിനും ഗുണനിലവാരത്തിനുമൊപ്പം പ്രാപ്യതയും തുല്യതയുംകൂടി അടിസ്ഥാനമാക്കി വേണം ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവ് വിലയിരുത്താനെന്നാണ് കേരളം മുന്നോട്ടുവെക്കുന്ന കാഴ്ചപ്പാട്. പുത്തൻ വിദ്യാഭ്യാസ നയം ഊന്നൽ നൽകുന്നത് വേദകാലഘട്ടത്തിലും പൗരാണിക കാലഘട്ടത്തിലുമുള്ള ഇന്ത്യയിൽ നിന്നുമുള്ള അറിവുകളിലൂന്നുന്ന പാഠ്യപദ്ധതിയാണ്. ഇന്ത്യൻ നോളജ് സിസ്റ്റം എന്ന പേരിൽ പുരാണങ്ങളും ഇതിഹാസങ്ങളും ആധാരമാക്കിയുള്ള കാര്യങ്ങളുൾപ്പെട്ട പാഠ്യപദ്ധതിയാണ് NEP വിഭാവനം ചെയ്യുന്നത്. എന്നാൽ സാംസ്കാരിക വൈവിധ്യത്തിലും വൈജാത്യങ്ങളിലും ഭരണഘടനാ മൂല്യങ്ങളിലും ഊന്നിക്കൊണ്ട്, ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സുസ്ഥിരത, ജനാധിപത്യം, പൗരബോധം, ജെൻഡർ അവബോധം, സമഭാവന, മത നിരപേക്ഷകത, ശാസ്ത്രബോധം എന്നിവയുള്ള ഒരു പുതുതലമുറയെ രൂപവൽക്കരിക്കേണ്ട ഉത്തരവാദിത്വമാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കേരളം ലക്ഷ്യം വെക്കുന്നത്. ഭൂരിപക്ഷം പേരെയും സമഗ്രമായ വിദ്യാഭ്യാസം പൂർത്തിയാകുന്നതിനുമുമ്പ് ഏതെങ്കിലും തരത്തിലുള്ള തൊഴിൽ പരിശീലനവും, തൊഴിൽ പരിചയ സർട്ടിഫിക്കറ്റും

നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്ന് ഒഴിവാക്കുക എന്നതാണ് എൻ.ഇ.പി.-യുടെ മുഖ്യലക്ഷ്യങ്ങളിൽ ഒന്ന്. ഒരു ചെറിയ ശതമാനത്തിനുമാത്രം സമഗ്രവിദ്യാഭ്യാസം നൽകുകയും ബാക്കിയുള്ള മഹാഭൂരിപക്ഷത്തിനും തൊഴിൽ കാര്യക്ഷമത വർധിപ്പിക്കാൻ ആവശ്യമുള്ള സ്കില്ലുകൾമാത്രം നൽകി കമ്പോളത്തിനാവശ്യമായ തൊഴിൽ സേനയുടെ ഭാഗമാക്കി മാറ്റുകയും ചെയ്യുകയെന്ന ആശയത്തിലാണ് എൻ.ഇ.പി. കേന്ദ്രീകരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് ഒന്നാം വർഷം സർട്ടിഫിക്കറ്റ്, രണ്ടാം വർഷം ഡിപ്ലോമ തുടങ്ങിയ നിർദേശങ്ങൾ യു.ജി.സി ഫ്രെയിംവർക്കിന്റെ ഭാഗമാവുന്നത്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദവും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്ട് ഉള്ള ഓണേഴ്സ് ബിരുദം നേടാനും, റിസർച്ച് താൽപര്യം ഉള്ളവർക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമിന്റെ ഘടനയിലേക്കാണ് നാം മാറുന്നത്. അറിവ് നേടുന്നതിനോടൊപ്പം അറിവ് ഉൽപാദിപ്പിക്കുന്നതിനും പ്രായോഗികമായ അറിവുകൾ ആർജിക്കാനും, സംരംഭകത്വ താൽപര്യങ്ങൾ ഉളവാക്കാനും

അതുവഴി തൊഴിൽ അന്വേഷകർ എന്നതിൽനിന്നും തൊഴിൽ ദാതാക്കൾ എന്ന നിലയിൽ ഉയരാനും നമ്മുടെ വിദ്യാർഥികളെ സഹായിക്കുന്ന ഒരു ദ്വിമുഖ സമീപനമുള്ള കരിക്കുലം ഫ്രെയിംവർക്കാണ് കേരളം മുന്നോട്ടുവെച്ചിരിക്കുന്നത്.

(ബി) കേരളത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലവിൽ നടക്കുന്ന പരിഷ്കരണങ്ങൾ ജനപക്ഷ വൈജ്ഞാനിക സമൂഹനിർമ്മിതിയുമായി ബന്ധപ്പെട്ടാണ് വിലയിരുത്തപ്പെടേണ്ടത്. സാമൂഹ്യനീതിയിലും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ, എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യതയും തുല്യതയും ഉറപ്പാക്കുന്ന, മികവിലും ഗുണനിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഉന്നതവിദ്യാഭ്യാസമെന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. അറിവിനെ സമൂഹത്തിന് ഉപയോഗപ്പെടുത്തുക, കേരളത്തെ സാമ്പത്തിക ശക്തിയായി വളർത്തുക, അതിൽ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുക തുടങ്ങിയവയാണ് കേരളം പിന്തുടരുന്ന ആശയം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തെയൊരു വിജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ബഹുമാന്യയായ

മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. വിദ്യാർത്ഥികളുടെ വ്യക്തിപരമായ കഴിവും സാമൂഹ്യബോധവും നിർണ്ണയിക്കുന്നതിൽ ഭാഷാ പഠനത്തിന് വലിയ പ്രാധാന്യമുണ്ട്. യു.ജി.സി. വിഭാവനം ചെയ്യുന്ന കരിക്കുലം ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്നില്ലായെന്നതാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ കരിക്കുലം ഇതിൽനിന്ന് എന്തുമാറ്റമാണ് ഉദ്ദേശിക്കുന്നത്?

<u>ഡോ. ആർ. ബിന്ദു</u>: സർ, യു.ജി.സി.-യുടെ കാഴ്ചപ്പാടിൽനിന്ന് വ്യത്യസ്തമായി ഭാഷാ പഠനത്തെ വൈവിധ്യവൽക്കരണത്തിലൂടെ സമീപിക്കുന്ന രീതിയാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. അതുസംബന്ധിച്ച്, ആധുനിക ഇന്ത്യൻ ഭാഷയെന്ന യു.ജി.സി.-യുടെ കാഴ്ചപ്പാട് മാത്രമല്ല കേരളം സ്വീകരിച്ചിട്ടുള്ളത്. അറബിക്, ജർമ്മൻ, ഫ്രഞ്ച് തുടങ്ങിയ വൈദേശിക ഭാഷകളുൾപ്പെടെ പഠിക്കാൻ സാധിക്കുന്ന രീതിയിലാണ് കേരളത്തിന്റെ കരിക്കുലം രൂപകല്പന ചെയ്തിട്ടുള്ളത്. എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സിന്റെ ഭാഗമായി രണ്ട് വീതം ഇംഗ്ലീഷ് കോഴ്സുകളും അവർക്ക് താൽപര്യമുള്ള ഏതെങ്കിലും രണ്ട് ഭാഷാ കോഴ്സുകളുമടക്കം നാല് ഭാഷാകോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരം എല്ലാ വിദ്യാർഥികൾക്കും

ഉറപ്പുവരുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ സ്കിൽ എൻഹാൻസ്മെന്റ് കോഴ്സിന്റെയും വാല്യൂ ആഡഡ് കോഴ്സിന്റെയും ഭാഗമായി തങ്ങളുടെ അഭിരുചിക്കൊത്ത ഭാഷകൾ തിരഞ്ഞെടുത്ത് പഠിക്കാൻ എല്ലാ വിദ്യാർത്ഥികൾക്കും അവസരമുണ്ട്. ട്രാൻസലേഷൻ അടക്കമുള്ള കോഴ്സുകൾ പഠിക്കാൻ നമ്മുടെ പുതിയ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമായി അവസരമുണ്ട്. വിദ്യാർത്ഥികൾക്കോരോരുത്തർക്കും അവരുടെ അഭിരുചിക്ക് ഇണങ്ങുന്ന വിധത്തിലുള്ള ഭാഷാപരിചയവും ഭാഷാപ്രാവീണ്യവും ഉറപ്പുനൽകുന്ന രീതിയാണ് കേരളത്തിലെ Four-year UG Programme-ൽ നടപ്പിലാക്കിയിട്ടുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തെ ഒരു വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 'സ്റ്റഡി ഇൻ കേരള' എന്ന പ്രത്യേക സ്ലോഗൻ അതിനായി നമ്മൾ ഉയർത്തിയിട്ടുണ്ട്. ഇതിനായി ക്യാമ്പസുകളിൽ വലിയ മാറ്റം നമുക്കുണ്ടാക്കിയെടുക്കേണ്ടതായുണ്ട്. അനഭിലഷണീയമായ ഒട്ടേറെ പ്രവണതകൾ ക്യാമ്പസുകളിൽ വളർന്നുവരുന്നതായി നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനെയെല്ലാം മാറ്റി വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യവും അക്കാദമിക്

ഫ്ലക്സിബിലിറ്റിയും ഉറപ്പുവരുത്തിക്കൊണ്ട് ലക്ഷ്യബോധവും ഉത്തരവാദിത്വബോധവുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിന് എങ്ങനെയാണ് പുതിയ മോഡൽ റെഗുലേഷൻ ഉറപ്പുവരുത്തുക?

ഡോ. ആർ. ബിന്ദു: സർ, വിദ്യാർത്ഥി കേന്ദ്രീകൃതമായ സമീപനമാണ് കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി നാം സ്വീകരിച്ചിട്ടുള്ളത്. പുതിയ കാലത്തിനും പുതിയ ലോകത്തിനും ഇണങ്ങുന്ന തരത്തിൽ തങ്ങളുടെ അഭിരുചിക്കും അക്കാദമിക് താൽപര്യങ്ങൾക്കും കരിയർ താൽപര്യങ്ങൾക്കും അനുസൃതമായ വിധത്തിൽ തങ്ങളുടെ ബിരുദ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് സ്വയം രൂപകല്പന ചെയ്യാനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. മുൻകാലങ്ങളിൽ കെമസ്ട്രിയോടൊപ്പം കണക്കും ഫിസിക്സും പഠിക്കണമെന്ന് നിർബന്ധമായിരുന്നെങ്കിൽ ഇപ്പോൾ കെമസ്ട്രിയോടൊപ്പം ഫിസിക്സും സംഗീതവും പഠിക്കാം അതല്ലെങ്കിൽ ഫിസിക്സും ഇലക്ട്രോണിക്സും പഠിക്കാം. അത്തരത്തിലുള്ള വിപുലമായ ചോയിസ് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളമുണ്ട്. തങ്ങളുടെ പഠനം ഏത് വിധത്തിലായിരിക്കണമെന്ന് രൂപകല്പന ചെയ്യാൻ അക്കാദമിക്

കൗൺസിലർമാരുടെ സഹായത്തോടുകൂടി വിദ്യാർഥികൾക്കുതന്നെ സാധ്യമാകുന്ന നിലയുണ്ട്. അതോടൊപ്പം ഓൺലൈൻ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കുന്നതിനുള്ള സ്വാതന്ത്ര്യവും കുട്ടികൾക്ക് നൽകുന്നുണ്ട്. അതിനനുസൃതമായ രീതിയിൽ സർവകലാശാലാ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്ന പ്രവർത്തനങ്ങളിലിപ്പോൾ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. അക്കാദമിക് സമൂഹത്തിന് അതിവേഗം സേവനങ്ങൾ ലഭ്യമാക്കുകയെന്നുള്ളതാണ്. 'Ease of doing education' എന്നതാണ് നമ്മുടെ ലക്ഷ്യം. അതനുസരിച്ച് പരമാവധി സേവനങ്ങൾ ഓൺലൈനിൽ ആക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ലോകത്തെവിടെനിന്ന് വേണമെങ്കിലും ക്രെഡിറ്റ് ആർജിച്ച് തങ്ങളുടെ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റിൽ നിക്ഷേപിക്കാൻ വിദ്യാർഥികൾക്ക് സ്വാതന്ത്ര്യമുണ്ട്. K-REAP (Kerala Resources for Education Administration and Planning) എന്ന പദ്ധതി കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞുവെന്നതും സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ പരിഷ്കരണത്തിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഡോ. ആർ. ബിന്ദുവിനെയും ഉന്നത വിദ്യാഭ്യാസ വകുപ്പിനെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, പരീക്ഷാ മൂല്യനിർണ്ണയ രീതികളിൽ എന്തെല്ലാം തരത്തിലുള്ള മാറ്റങ്ങളാണ് കേരളത്തിന്റെ കരിക്കുലം നിർദേശിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായും അതുപോലെ പരീക്ഷാ പരിഷ്കരണത്തിന് നിയോഗിക്കപ്പെട്ടിരുന്ന കമ്മീഷന്റെ നിർദേശങ്ങൾക്കനുസൃതമായും നമ്മുടെ പരീക്ഷാ സമ്പ്രദായം തന്നെ പൊളിച്ചെഴുതുന്ന രീതിയിലുള്ള മാറ്റങ്ങളിലേക്കാണ് നാം നീങ്ങുന്നത്. അധ്യാപനം, പഠനം, പരീക്ഷാ മൂല്യനിർണ്ണയം തുടങ്ങിയ രീതികളിലെല്ലാം സമൂലമായ മാറ്റങ്ങളാണ് നിർദേശിക്കുന്നത്. വിദ്യാർത്ഥികൾക്ക് (self learning) സ്വയം പഠനത്തിന് കഴിയുന്ന വിധത്തിലും എക്സ്പീരിയൻഷ്യൽ ലേണിംഗിന് സാധ്യമാകുന്ന വിധത്തിലുമാണ് ഇപ്പോൾ കാര്യങ്ങൾ ചിട്ടപ്പെടുത്തുന്നത്. ഓരോ വിഷയത്തിന്റെയും ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന്

സവിശേഷമായി പഠിക്കാനും ആർജിക്കുന്ന അറിവുകളിൽനിന്ന് പുതിയ അറിവുകൾ ഉൽപാദിപ്പിക്കാനും കെൽപുള്ളവരായി വിദ്യാർഥികളെ രൂപപ്പെടുത്തുക എന്നുള്ളതാണ് ഉദ്ദേശ്യം. Outcome-Based Education (OBE)-ന്റെ ഭാഗമായി വ്യക്തമായി നിർവചിക്കപ്പെട്ട ലക്ഷ്യങ്ങളോടുകൂടിയാണ് ഓരോ കോഴ്സും വിദ്യാർഥി പഠിക്കുക. ഒരു സർവകലാശാലയ്ക്കുകീഴിൽതന്നെ വ്യത്യസ്തമായ കോളേജുകളിൽ ഒരു വിഷയം വ്യത്യസ്തമായ രീതിയിലായിരിക്കാം പഠിപ്പിക്കുന്നത്. ഓരോ കോളേജിന്റെയും സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായിക്കൂടി അത് മാറുന്ന വിധത്തിലുള്ള ഫ്ലക്സിബിലിറ്റി ഇപ്പോൾ അനുവദിക്കുന്നുണ്ട്. സാമൂഹിക ശാസ്ത്രം മാനവിക ഭാഷാ വിഷയങ്ങളിലുമുൾപ്പെടെ പ്രാക്ടിക്കൽ എന്ന നിലയിലുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. നൈപുണ്യ വിടവ് നികത്തുന്നതുമായി ബന്ധപ്പെട്ട് സ്കിൽ കോഴ്സുകളുൾപ്പെടെ ക്രെഡിറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓപ്പൺ ബുക്ക് എക്സാം അതുപോലെ പ്രോജക്ട് ഓറിയന്റഡ് ആയിട്ടുള്ള ആക്ടിവിറ്റീസ്, ഇന്റേൺഷിപ്പുകൾ, അസൈൻമെന്റുകൾ എല്ലാം പ്രായോഗിക പരീക്ഷാ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ശ്രീ ഐ. ബി. സതീഷ്: സർ, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി തയ്യാറാക്കപ്പെട്ട കരിക്കുലത്തിൽ വിദ്യാർഥികൾക്ക് മൾട്ടിപ്പിൾ എക്സിറ്റ് ഓപ്ഷൻ നൽകിയിട്ടുണ്ട്. ഇതിന് ബദലായി കേരളമെടുത്തിരിക്കുന്ന തീരുമാനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഡോ. ആർ. ബിന്ദു: സർ, മൾട്ടിപ്പിൾ എക്സിറ്റിന്റെ ഭാഗമായി സാമൂഹികമായി അരികുവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾ വൻതോതിൽ കൊഴിഞ്ഞുപോകുന്നതിനാണ് ഇടവരുത്തുന്നത്. ഒന്നാമത്തെ വർഷം പൂർത്തീകരിച്ചാൽ സർട്ടിഫിക്കറ്റും, രണ്ടാം വർഷം പൂർത്തീകരിക്കുമ്പോൾ ഡിപ്ലോമയും നൽകുന്നുവെന്നുള്ളത് ബിരുദവുമായി ബന്ധപ്പെട്ട് നാഷണൽ എഡ്യൂക്കേഷൻ പോളിസി നിർദേശിക്കുന്നൊരു കാര്യമാണ്. പക്ഷേ ഒന്നാം വർഷം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഒരു വിദ്യാർഥിക്ക് യാതൊന്നുംതന്നെ സബ്സ്റ്റാൻഷ്യലായി ലഭ്യമാകുന്നില്ലെന്നുള്ളതാണ് വസ്തുനിഷ്ഠമായ യാഥാർഥ്യം. അതുകൊണ്ടുതന്നെ അരികുവൽക്കരിക്കപ്പെടുന്ന വിദ്യാർഥികളെ പുറംതള്ളുന്ന വിധത്തിലുള്ള എക്സ്ക്ലൂഷൻ പോളിസിയിലേക്കല്ല കേരളം പോയിട്ടുള്ളത്. മറിച്ച് അവരെ ശാക്തീകരിക്കുന്നതിനും മുഖ്യധാരയിലേക്ക്

കൊണ്ടുവരുന്നതിനും പ്രാധാന്യം കൊടുത്തുകൊണ്ട് പ്രാപ്യതയ്ക്കും സാമൂഹികനീതിക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് മൂന്നുവർഷം പൂർത്തീകരിച്ച് 133 ക്രഡിറ്റുകൾ ആർജിക്കുന്ന ഘട്ടത്തിൽ ഒരു എക്സിറ്റും, തുടർന്നും പഠിക്കാൻ ആഗ്രഹമുള്ള റിസർച്ച് ഓറിയന്റഡ് ആപ്റ്റിറ്റ്യൂഡുള്ള വിദ്യാർഥികൾക്ക് നാലാം വർഷംകൂടി തുടർന്ന് ഗവേഷണാത്മക പ്രവർത്തനങ്ങൾ നടത്തി നാലാം വർഷം ഓണേഴ്സ് ബിരുദം നൽകുന്ന സമീപനമാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. ഒന്നുംരണ്ടും വർഷങ്ങളിൽ എക്സിറ്റില്ല.

ശ്രീ. പി. പി. സുമോദ്: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ നാളിതുവരെയുള്ള വിദ്യാഭ്യാസ രീതിയിൽനിന്നും വിഭിന്നമായി ഏറെ വൈവിധ്യത്തോടുകൂടിയാണ് നാലുവർഷ ബിരുദം നടപ്പിലാക്കുന്നത്. സ്വാഭാവികമായും വിദ്യാർഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കുമെല്ലാം ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഒട്ടേറെ ആശങ്കകളും ഉൽക്കണ്ഠകളുമുണ്ടാകും. ഇവ അകറ്റുന്നതിനും വിദ്യാർഥികൾക്ക് കൃത്യമായി തങ്ങളുടെ അക്കാദമിക് സമീപനങ്ങൾ പ്ലാൻ ചെയ്യുന്നതിനും ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ

വിദ്യാർഥികൾക്കുണ്ടായാൽ അത് പരിഹരിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്?

ഡോ. ആർ. ബിന്ദു: സർ, Four-year UG programme ഒരു പുതിയ സമ്പ്രദായമാണെന്നുള്ളതുകൊണ്ട് സ്വാഭാവികമായും വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമെല്ലാം ആശങ്കകളുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് കഴിഞ്ഞ വർഷം മുതൽതന്നെ ഹയർ സെക്കൻഡറിതലം മുതൽ ഈ പുതിയ മാറ്റത്തിലേക്ക് വിദ്യാർഥികളെ നയിക്കാൻ കഴിയുന്ന വിധത്തിലുള്ള പരിചയപ്പെടുത്തൽ പരിപാടികൾ നാം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതുമാത്രമല്ല, കോളേജിലേക്ക് കടന്നുവന്നശേഷം എല്ലാ പ്രസക്തമായ കാര്യങ്ങളിലും വിദ്യാർഥികൾക്ക് ഉപദേശങ്ങൾ നൽകുന്നതിന് ഓരോ ക്ലാസിലും ഒരു ഫാക്കൽറ്റി ഉപദേഷ്ടാവ് ഉണ്ടായിരിക്കണമെന്ന നിബന്ധന വച്ചിട്ടുണ്ട്. ഒരു ക്ലാസിലെ വിദ്യാർഥികളുടെ എല്ലാ അക്കാദമിക് പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള രേഖകൾ ഈ ഫാക്കൽറ്റി ഉപദേഷ്ടാവിന്റെ കസ്റ്റഡിയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇന്റേണൽ മാർക്കുകളും ക്ലാസ്സ് റൂമിലെ സാന്നിധ്യവും പങ്കാളിത്തവുമെല്ലാംതന്നെ രണ്ട് പ്രവർത്തി ദിവസത്തേക്ക് ഡിപ്പാർട്ടുമെന്റ് നോട്ടീസ് ബോർഡിൽ

പ്രദർശിപ്പിച്ചതിനുശേഷം മാത്രമേ സർവ്വകലാശാല പോർട്ടലിൽ അപ്‌ലോഡ് ചെയ്യാൻ പാടുള്ളൂവെന്ന നിബന്ധനയുണ്ട്. അതുപോലെ Department Level Academic Committee (DLAC) വിദ്യാർഥികളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും സംശയ നിവാരണത്തിനുമായി പ്രവർത്തിക്കും. DLAC തലത്തിൽ ആശങ്കകൾ പരിഹരിക്കപ്പെട്ടില്ലെങ്കിൽ കോളേജ് ലെവൽ അക്കാദമിക് കമ്മിറ്റിക്ക് റെഫർ ചെയ്യാവുന്നതാണ്. അവിടെയും സംശയ നിവാരണവും മറ്റ് രീതിയിലുള്ള പരാതി പരിഹാരവും സാധ്യമാകും. ഇന്റേണൽ അസെസ്‌മെന്റും ഹാജർനിലയും സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിന് ആദ്യം പ്രിൻസിപ്പാളിനേയോ HOD (Head of the Department)-നെയോ സമീപിക്കാം. അവിടെ പരിഹാരം ലഭിക്കുന്നില്ലെങ്കിൽ യൂണിവേഴ്സിറ്റി ലെവൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് പരാതി നൽകാവുന്നതാണ്. പ്രിൻസിപ്പാളിന് ലഭിക്കുന്ന പരാതികൾ തീർപ്പായിട്ടില്ലെങ്കിൽ യൂണിവേഴ്സിറ്റി ലെവൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് റെഫർ ചെയ്യും. K-REAP (Kerala Resources for Education Administration and Planning)-ന്റെ ഭാഗമായി അഡ്മിഷൻ തുടങ്ങി ഡിഗ്രി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ

നിലയിൽ വിദ്യാർഥികൾക്കും മറ്റുള്ളവർക്കും അറിയാൻ കഴിയുന്ന നിലയും സംജാതമാകും. ഓരോ വിദ്യാർഥിക്കും തങ്ങളുടെ പ്രത്യേകമായ ഐഡന്റിഫിക്കേഷൻ നമ്പറിൽ ലോഗിൻ ചെയ്ത് ഈ സോഫ്റ്റ്‌വെയറിലൂടെ എല്ലാ കാര്യങ്ങളും സുതാര്യമായി അറിയാവുന്ന വിധത്തിലാണ് നടപ്പാക്കുന്നത്. LMS (Learning Management System) സംവിധാനവും ഇതിന്റെ ഭാഗമായി എല്ലാ സർവകലാശാലകളിലും ഉറപ്പാക്കുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, നമ്മുടെ ഫോറിൻ യൂണിവേഴ്സിറ്റികളുമായി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ നമ്മുടെ കേരളത്തിലെ ക്യാമ്പസുകളിൽ നടക്കുന്നുണ്ട്. പക്ഷേ, കേരളത്തിലെ പല മികച്ച ക്യാമ്പസുകളിലും ഇവിടെ പഠിക്കുന്നൊരു കുട്ടിക്ക് മറ്റൊരു കോളേജിൽ പോകുന്നതിനുവേണ്ടിയുള്ള അവസരമൊരുക്കുന്നതിനുവേണ്ടി ഒരു എക്സ്ചേഞ്ച് പ്രോഗ്രാം കേരളത്തിലെ കോളേജുകളും സർവകലാശാലകളും തമ്മിൽ നടത്താൻ ഗവൺമെന്റിന് കഴിയുമോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും നല്ലൊരു ആശയമാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ചിട്ടുള്ളത്. ഇപ്പോൾ ധാരാളം Twinning Programme-കളും ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാമുകളും സ്റ്റുഡന്റ്

എക്സ്ചേഞ്ച് പ്രോഗ്രാമുകളും വിവിധ രാജ്യങ്ങളുമായും വിവിധ സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ടും നടന്നുവരുന്നുണ്ട്. നമ്മുടെ എല്ലാ യൂണിവേഴ്സിറ്റികളിലും മിക്കവാറും ഡിപ്പാർട്ടുമെന്റുകൾ അത്തരം പ്രവർത്തനങ്ങൾ ഇതിനോടകം ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തുതന്നെ വിവിധ കോളേജുകൾ തമ്മിലുള്ള knowledge transaction-നുള്ള സംവിധാനം തീർച്ചയായും നമ്മൾ ഉറപ്പാക്കാം. Cluster College, Constituent College-കളുമെല്ലാം കൂടുതൽ മികച്ച നിലയിൽ മുന്നോട്ട് പോകുമ്പോൾ സ്വാഭാവികമായും റിസർച്ച് ഷെയറിങ്ങും, നോളേജ് ഷെയറിങ്ങും സാധ്യമാകാവുന്നതാണ്.

**കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

4(*274) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെറാഡൂണിൽ നടന്ന 38-ാമത് ദേശീയ ഗെയിംസിൽ, ചരിത്രത്തിലാദ്യമായി സംസ്ഥാനം പതിനാലാം സ്ഥാനത്തേക്ക്

പിന്തള്ളപ്പെട്ടതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കായിക സംഘടനകൾ സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കായിക സംഘടനകൾക്കുള്ള സഹായം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ) പ്രാഥമിക വിലയിരുത്തലിൽ അത്‌ലറ്റിക്സ് കായിക ഇനത്തിൽ നിലവിൽ നാഷണൽ ചാമ്പ്യൻഷിപ്പുകളിൽ മെഡൽ ജേതാക്കളായ കേരളത്തിന്റെ മികച്ച കായിക താരങ്ങളിൽ ചിലർ പരിക്കുകാരണം നാഷണൽ ഗെയിംസിൽ പങ്കെടുക്കാതിരുന്നതും ഗോവയിൽ നടന്ന 37-ാമത് നാഷണൽ ഗെയിംസിൽ കേരളം 22 മെഡൽ കരസ്ഥമാക്കിയ കായിക ഇനമായ കളരിപ്പയറ്റ് 38-ാമത് നാഷണൽ ഗെയിംസിൽ മത്സര ഇനമല്ലാതെ പ്രദർശന ഇനം മാത്രമായി ഉൾപ്പെടുത്തിയതും പതിനാലാം സ്ഥാനത്തേക്ക് എത്തിയതിന്

കാരണമായിട്ടുണ്ട്. 19 ഗോൾഡാണ് കേരളത്തിന് നഷ്ടപ്പെട്ടത്. എന്നാൽ അത്‌ലറ്റിക്സ്, അക്വാട്ടിക്സ്, റോവിങ്, വോളീബോൾ, തായ്ക്കോൺഡോ, വെയ്‌ലിഫ്റ്റിങ്, വുഷു, ഫുട്ബോൾ, എന്നീ ഇനങ്ങളിൽ സ്വർണ്ണ മെഡലും, ജിംനാസ്റ്റിക്സ്, ബാസ്ക്കറ്റ്ബോൾ, ജൂഡോ, ബീച്ച് ഹാൻഡ്ബോൾ, നെറ്റ്ബോൾ, സൈക്ലിങ് എന്നീ ഇനങ്ങളിൽ വെള്ളി മെഡലും, ഖോ ഖോ, ഫെൻസിങ്, കനോയിങ് & കയാക്കിങ് എന്നീ കായിക ഇനങ്ങളിൽ വെങ്കല മെഡലും നേടി കേരളം മികവ് പുലർത്തിയിട്ടുണ്ട്. ഇവയിൽ ഫുട്ബോൾ, വുഷു, വെയ്റ്റ്ലിഫ്റ്റിങ് എന്നീ കായിക ഇനങ്ങളിൽ കേരളം ആദ്യമായി സ്വർണ്ണ മെഡൽ കരസ്ഥമാക്കിയിരിക്കുകയാണ്.

ഉത്തരാഖണ്ഡിൽ നടന്ന 38-ാം ദേശീയ ഗെയിംസിൽ മത്സരം നടന്ന 34 ഇനങ്ങളിൽ 17-ലും കേരളം മെഡൽ നേടിയിട്ടുണ്ട്. 38-ാമത് നാഷണൽ ഗെയിംസിൽ കേരളം പ്രതീക്ഷിച്ച മികവിലേക്ക് എത്താത്തതിനുള്ള സാഹചര്യം വിലയിരുത്തുന്നതിനായി വിശദമായ പരിശോധന നടത്തി കായിക സംഘടനകളുമായി ചർച്ച ചെയ്ത് അടുത്ത ദേശീയ ഗെയിംസിൽ കേരളം മികവിലേക്ക് എത്തുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തി അവ നടപ്പാക്കുന്നതിനുമുള്ള വിശദമായ മാർഗ്ഗരേഖ കേരള സ്റ്റേറ്റ് സ്പോർട്സ്

കൗൺസിൽ മുഖേന ആവിഷ്കരിക്കുന്നതാണ്.

(ബി) കേരള ഒളിമ്പിക്സ് അസ്സോസിയേഷൻ സർക്കാരിൽനിന്നും കൈപ്പറ്റിയ ഗ്രാന്റ് സംബന്ധിച്ച് സമർപ്പിച്ച വരവ്-ചിലവ് കണക്കിൽ സർക്കാരിനെതിരെ സെക്രട്ടറിയേറ്റിനുമുന്നിൽ മാർച്ച് നടത്തിയതിന്റെ ചെലവുകൂടി ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ഹോക്കി അസോസിയേഷൻ ഈ സർക്കാർ കാലയളവിൽ ബജറ്റ് വിഹിതമായി 56 ലക്ഷം രൂപയും സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ഇനത്തിൽ 23.83 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. എന്നാൽ കേരളാ ഹോക്കി ടീമിന് ദേശീയ ഗെയിംസിൽ കഴിഞ്ഞ നിരവധി വർഷങ്ങളായി യോഗ്യത നേടാൻപോലും കഴിഞ്ഞിട്ടില്ല.

(സി) കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതികളും നിക്ഷേപങ്ങളും ആകർഷിക്കുന്നതിന് 2024 ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വെച്ച് അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റ് സംഘടിപ്പിച്ചിരുന്നു. വിവിധ മേഖലകളിലായി നിരവധി പദ്ധതികളും നിക്ഷേപ വാഗ്ദാനങ്ങളും ഈ സമ്മിറ്റിൽ ലഭ്യമായിരുന്നു. ഇതുപ്രകാരം 950 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ

നടന്നുവരുന്നു. അടിസ്ഥാന സൗകര്യ വികസനം, അടിസ്ഥാന കായിക പരിശീലനം, ഇ-സ്പോർട്സ്, ലീഗുകൾ എന്നീ വിഭാഗങ്ങളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് നല്ല രീതിയിൽ ഇപ്പോൾ നടന്നുവരികയാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ (KCA) പുതിയ ക്രിക്കറ്റ് ലീഗ് ആരംഭിച്ചു. കേരള ഫുട്ബോൾ ഫെഡറേഷൻ പുതിയ സ്പോർട്സ് ലീഗ് ആരംഭിച്ചു. സംസ്ഥാന തലത്തിൽ പുതിയ കോളേജ് ലീഗുകൾ ആരംഭിക്കാൻ പോകുകയാണ്.

പ്രതിഭയുള്ള കായിക താരങ്ങളെ കണ്ടെത്തി പരിശീലിപ്പിച്ച് ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എല്ലാ വർഷവും വിവിധ ജില്ലകളിൽ 6-ാം ക്ലാസ്സ് മുതലുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. 21 കായിക ഇനങ്ങളിലായി വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാദമികളിലേക്ക് കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നു. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും നിയന്ത്രണത്തിലുള്ള നീന്തൽക്കുളങ്ങളിൽ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇത് തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്,

കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൊല്ലം, കോട്ടയം പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ നീന്തൽ പരിശീലന പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വനിത ഫുട്ബോളിൽ അന്തർദേശീയ നിലവാരം ലക്ഷ്യം കണ്ടുകൊണ്ട് അണ്ടർ 14 വനിതാ അക്കാദമി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി ഹൂപ്പ്സ്, സ്പ്രിന്റ്, ഹെൽത്തി കിഡ്സ് പ്രോഗ്രാം, ജൂഡോക, പഞ്ച്, ഗോൾ, സ്പ്ലാഷ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കായിക മേഖലയെ ദേശീയ, അന്തർ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ/സിന്തറ്റിക് ടർഫ്, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിങ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യവികസന പദ്ധതികൾ, ഖേലോ ഇന്ത്യ പദ്ധതികൾ എന്നിവയും

നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) കായിക സംഘടനകൾക്കുള്ള സഹായം നൽകുന്നതിൽ കുടിശ്ശികയുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് ബഡ്ജറ്റ് വിഹിതമായി പ്ലാൻ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 34 കോടി രൂപ വകയിരുത്തിയിരുന്നു. 38-ാമത് നാഷണൽ ഗെയിംസിന് അനുവദിച്ച 4.50 കോടി രൂപ ഉൾപ്പെടെ 19.70 കോടി രൂപ സ്പോർട്സ് കൗൺസിലിന് അനുവദിച്ചിരുന്നു. ദേശീയ ഗെയിംസിന് അനുവദിച്ച 4.5 കോടിയിൽ 37.82 ലക്ഷം രൂപ പരിശീലന ക്യാമ്പുകൾക്ക് അഡ്വാൻസായി കായിക അസോസ്സിയേഷനുകൾക്ക് നൽകിയിട്ടുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, സമൂഹമാകെ ലഹരി വ്യാപിക്കുന്ന ആശങ്ക പടരുമ്പോൾ വലിയ പ്രതീക്ഷയുള്ള ഒരു വകുപ്പാണ് കായിക വകുപ്പ്. എന്നാൽ, കായിക വകുപ്പ് ഇന്നൊരു വാഗ്ദാന വകുപ്പ് മാത്രമായി മാറിയിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ തുടർച്ചയായി പറയുന്ന ഒരു കാര്യമാണ് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം പണിയുമെന്നുള്ളത്. എന്നാൽ എല്ലാ നിയോജക മണ്ഡലത്തിലും

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്നുള്ളത് ഈ സർക്കാരിന്റെ ഒരു വാഗ്ദാനമായിരുന്നു. ഈ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ എത്ര കളിസ്ഥലങ്ങൾ ഇത്തരത്തിൽ നിർമ്മിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. അതിന് സർക്കാർ എത്ര തുക ചെലവഴിച്ചു?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് മയക്കുമരുന്നുമായി ബന്ധപ്പെട്ട് ധാരാളം കേസുകൾ ഇപ്പോൾ പിടികൂടുകയും അതിന്റെ പ്രതികളെയെല്ലാം അറസ്റ്റ് ചെയ്യുന്ന വാർത്തകൾ ദിനേന വന്നുകൊണ്ടിരിക്കുകയാണ്. **XXXXXXXXX**[1] ......(ബഹളം)...... ഞാൻ അങ്ങനെ പറയാൻ പാടില്ല.

മി. സ്പീക്കർ: ......(ബഹളം)...... അങ്ങ് ഉത്തരം പറയൂ; ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് ഹെഡ് സെറ്റ് വച്ചോളൂ; (.......ബഹളം......)

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ......(ബഹളം)...... മയക്കുമരുന്നിന് എതിരായി സംസ്ഥാന കായിക വകുപ്പ് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ശക്തമായ പ്രചരണങ്ങൾ ആരംഭിക്കുകയാണ്. ഈ പ്രചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും കഴിയുന്നത്ര പഞ്ചായത്തുകളിലും ഈ പ്രചരണം

1 ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്

നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ അധിക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്തുകൊണ്ടൊരു പരാമർശമാണ് ഉത്തരത്തിൽ പറഞ്ഞത്. ആ പരാമർശം അദ്ദേഹം പിൻവലിക്കുകയോ അങ്ങ് രേഖയിൽനിന്ന് നീക്കം ചെയ്യുകയോ ചെയ്യണം.

മി. സ്പീക്കർ: അക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. വി. ഡി. സതീശൻ: സർ, എന്ത് പരിശോധിക്കാമെന്നാണ്?

മി. സ്പീക്കർ: ചോദ്യകർത്താവ് വല്ലാത്തരീതിയിൽ മിനിസ്റ്ററെ ഇൻസൾട്ട് ചെയ്തുകൊണ്ടാണ് സംസാരിച്ചത്. അതിന് അദ്ദേഹം മറുപടി പറയണമെന്നുള്ളത് വേറൊരു ഭാഗം. ചോദ്യകർത്താവ് ചോദ്യം ചോദിക്കുമ്പോൾ അത്തരം പരാമർശങ്ങൾ പാടുള്ളതല്ല. അത്തരം കാര്യങ്ങൾ രേഖയിലുണ്ടാകില്ല. അത്തരം കാര്യങ്ങൾ ഡിമാൻഡ് ഡിസ്കഷനിൽ പറഞ്ഞോളൂ; ചോദ്യോത്തരവേളയിൽ ഇത്തരം ബ്ലെയിമിങ് ഒഴിവാക്കുക.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുന്നത് ശരിയല്ല. ഞാൻ ചോദിച്ച ചോദ്യത്തിന് ഒരു ഉത്തരവും കിട്ടിയിട്ടില്ല. ......(ബഹളം)...... ബഹുമാന്യനായ മന്ത്രിയോട് ഞാൻ ചോദിച്ചത് എത്ര തുക ചെലവഴിച്ചു, എത്ര ചെലവ് വന്നുവെന്നുള്ളതാണ്; അതിന് ഒരു ഉത്തരം കിട്ടിയിട്ടില്ല. ഇങ്ങനെയാണെങ്കിൽ മന്ത്രി പാർട്ടി തിരിച്ചുള്ള കണക്കുകൾ ഒന്നു പറയാമോ? ......(ബഹളം)......

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ......(ബഹളം)...... സംസ്ഥാനത്ത് കായിക അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി മുഖാന്തരംമാത്രം 1200 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം എം.എൽ.എ.-മാരുടെ ഫണ്ടുപയോഗിച്ച് ഏകദേശം 450 മുതൽ 500 കോടി രൂപയുടെ വർക്കുകൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. 'വൺ പഞ്ചായത്ത് വൺ കളിക്കളം' പദ്ധതി പ്രകാരം ഇപ്പോൾ 129 പഞ്ചായത്ത് കളിക്കളങ്ങളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽത്തന്നെ അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ സ്റ്റേഡിയം ഫിഫ സ്റ്റാൻഡേർഡിൽ നിർമ്മിക്കുന്നതിന് കോഴിക്കോട് സർവകലാശാല 35 ഏക്കർ സ്ഥലം

നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിനായി 600 കോടി രൂപ ചെലവിൽ പദ്ധതി തയ്യാറായിവരികയാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ ഐ.എസ്.എസ്.കെ.-യുടെ നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി 1200 കോടി രൂപയുടെ പദ്ധതികൾ വാഗ്ദാനം ചെയ്യുകയും അതിൽ 950 കോടി രൂപയുടെ പ്രവൃത്തികൾ ഇപ്പോൾ ആരംഭിക്കാൻ പോകുകയാണ്. അതോടൊപ്പം കേരള ഫുട്ബോൾ അസോസിയേഷൻ 600 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനം വാഗ്ദാനം ചെയ്യുകയും ഇതുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ് ഇപ്പോൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ധാരാളം കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പാർട്ടി തിരിച്ച് പറയുകയാണെങ്കിൽ ലഹരി മരുന്ന് കേസിൽ ആലപ്പുഴ ബ്രാഞ്ച് സെക്രട്ടറി ഏത് പാർട്ടിക്കാരനാണെന്ന് പറഞ്ഞാൽ നന്നായിരുന്നു. ......(ബഹളം)...... കായികരംഗത്ത് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കേരളത്തെ പ്രതിനിധാനം ചെയ്ത കായികതാരങ്ങൾക്ക് വിവേചനരഹിതമായി അവർ അർഹിക്കുന്ന തലത്തിൽ ജോലി കൊടുത്ത് അവരെ അംഗീകരിക്കുകയെന്നുള്ളത് നമ്മുടെ സംസ്ഥാനത്ത്

നടന്നുകൊണ്ടിരിക്കുന്നതാണ്. എന്നാൽ 22 അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്ത 2015-16-ൽ ദേശീയ ഫുട്ബോൾ തലത്തിൽ ഏറ്റവും നല്ല കളിക്കാരനെന്ന ഖ്യാതി നേടിയ ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ തുടങ്ങിയവർക്ക് അംഗീകാരം കൊടുത്തിട്ടില്ല. ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിക്ക് കത്തായി കൊടുത്തിരുന്നു. അന്ന് ശ്രീ. അനസ് എടത്തൊടികയ്ക്ക് എന്തായാലും ജോലി കൊടുക്കുമെന്ന് മന്ത്രി പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ ബോഡി ബിൽഡിങ് താരങ്ങൾക്ക് നിയമനം നൽകാനുള്ള സർക്കാർ തീരുമാനം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തിട്ടുപോലും ശ്രീ. അനസ് എടത്തൊടിക പോലെയുള്ള ആളുകൾക്ക് ജോലി നൽകാൻ എന്താണ് തടസ്സം?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, രാജ്യത്തുതന്നെ ഏറ്റവുമധികം കായികതാരങ്ങൾക്ക് ജോലി നൽകിയ ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഓരോ വർഷവും ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന 50 കായികതാരങ്ങൾക്ക് നിർബന്ധമായും ജോലി നൽകുന്നുണ്ട്. അതോടൊപ്പം മറ്റുള്ള വകുപ്പുകളിൽ കായിക വകുപ്പിന്റെ ശിപാർശ കൂടാതെതന്നെ ജോലി നൽകുന്ന സംവിധാനവും നിലവിലുണ്ട്.

അങ്ങ് സൂചിപ്പിച്ച ഈ വിഷയത്തിൽ അന്ന് മത്സരം നടന്ന കാലയളവിൽ ശ്രീ. അനസ് എടത്തൊടിക അപേക്ഷ സമർപ്പിച്ചിരുന്നില്ല. അദ്ദേഹം അന്ന് മറ്റൊരു ജോലിയിൽ പ്രവേശിച്ചിരുന്നു. അതുകൊണ്ടുതന്നെ കേരളം മുന്നോട്ടുവച്ച സമയത്ത് അദ്ദേഹത്തിന്റെ അപേക്ഷ ലഭ്യമായിരുന്നില്ല. ഏകദേശം 241 വേക്കൻസികൾ ഇപ്പോൾ വിളിച്ചിട്ടുണ്ട്. അത് 2016 മുതൽ 2019 വരെയുള്ള കാലയളവിൽ മത്സരിച്ച ആളുകൾക്കുള്ള റിക്രൂട്ട്മെന്റാണ് ഇപ്പോൾ നടന്നുവരുന്നത്. ഈ കാര്യങ്ങളിൽ ആരെയും ഒഴിവാക്കി നിർത്തുന്ന ഒരു നിലപാടും ഈ ഗവൺമെന്റ് എടുത്തിട്ടില്ല. രാജ്യത്തിനുതന്നെ മാതൃകാപരമായി കായികതാരങ്ങൾക്ക് ജോലി നൽകുന്ന ഒരു സംസ്ഥാനമാണ് കേരളം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, രഞ്ജിട്രോഫി ക്രിക്കറ്റിൽ കേരളം മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. ശ്രീ. മുഹമ്മദ് അസ്ഹറുദീൻ പുറത്താകാതെ നേടിയ 177 റൺസാണ് കേരളത്തെ ഫൈനലിൽ എത്തിച്ചത്. ശ്രീ. മുഹമ്മദ് അസ്ഹറുദീൻ കാസർഗോഡ് നഗരസഭയിലെ തലങ്കര സ്വദേശിയാണെന്നത് കാസർഗോഡ് ജില്ലക്കാരായ ഞങ്ങൾക്ക് അഭിമാനമാണ്. ശ്രീ. മുഹമ്മദ് അസ്ഹറുദീനെപോലെയുള്ള ആളുകൾക്ക്

കേരളത്തിൽത്തന്നെ ജോലി നൽകി അവരെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിരവധി വർഷങ്ങളുടെ കാത്തിരിപ്പിനുശേഷമാണ് ആദ്യമായി രഞ്ജിട്രോഫിയിൽ ക്രിക്കറ്റ് ടൂർണമെന്റിന്റെ ഫൈനലിൽ കേരളം കളിക്കുന്നത്. അത് വലിയൊരു അംഗീകാരമാണ്. അതോടൊപ്പം ക്രിക്കറ്റ് അടക്കമുള്ള കായികയിനങ്ങളിൽ ഇന്നുവരെ കേരളത്തിൽ ആരും അപേക്ഷ നൽകിയിട്ടില്ല. അപേക്ഷ വരുന്നമുറയ്ക്ക് തീർച്ചയായും അത്തരം കാര്യങ്ങൾ സർക്കാർ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ആദ്യവർഷം ഒരു മണ്ഡലത്തിൽ ഒരു കോടി രൂപയുടെ ഒരു സ്റ്റേഡിയം എന്ന് മന്ത്രി പ്രഖ്യാപിച്ചപ്പോൾ മഞ്ചേശ്വരം നിയോജകമണ്ഡലം ആ ലിസ്റ്റിലുൾപ്പെടുത്തിയെന്ന് നാട്ടിലെല്ലാം അഭിമാനത്തോടുകൂടിയാണ് പറഞ്ഞത്. പിന്നീട് മന്ത്രിയെ സമീപിച്ചപ്പോൾ 50 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽനിന്നും തരണമെന്ന് പറഞ്ഞപ്പോൾ ആ തുക കൊടുക്കാൻ തയ്യാറാണെന്ന് കത്ത് നൽകിയിട്ടുണ്ട്. കേരളത്തിൽ അന്ന് പ്രഖ്യാപിച്ച എത്ര സ്റ്റേഡിയങ്ങൾ നിർമ്മിച്ചു; അവയുടെ അവസ്ഥ

എന്താണ്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, അതുസംബന്ധിച്ച് തുടക്കത്തിൽ ഞാൻ പറഞ്ഞുകഴിഞ്ഞു. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം 139 സ്റ്റേഡിയങ്ങളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. അതിൽ നിരവധി സ്റ്റേഡിയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഒരു കാര്യം മനസിലാക്കണം, ആദ്യഘട്ടത്തിൽ നമുക്കാവശ്യമായ അപേക്ഷകൾ ലഭിക്കാത്തതിനാൽ ഓരോ നിയോജകമണ്ഡലത്തിലും രണ്ടാമത്തെ കളിക്കളം നൽകുന്ന പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. തീർച്ചയായും അങ്ങേയ്ക്ക് അങ്ങനെയൊരു പദ്ധതി ലഭ്യമായിട്ടില്ലെങ്കിൽ അതിന് കൃത്യമായ കാരണങ്ങളുണ്ടാകും. ചിലപ്പോൾ അങ്ങയുടെ വിഹിതം അവിടെ ലഭ്യമായിട്ടുണ്ടാവില്ല. കേരളം എടുത്ത പോളിസി 50 ശതമാനം കായിക വകുപ്പും 50 ശതമാനം എം.എൽ.എ. വിഹിതവുമാണ്. അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമാണ്. തീർച്ചയായും അങ്ങേക്ക് ഇത് ലഭ്യമായിട്ടില്ലെങ്കിൽ ഇന്നുതന്നെ ആ കത്തിന്റെ കോപ്പി തന്നാൽ അടുത്ത ആഴ്ച അങ്ങ് നിയമസഭയിൽ വരുമ്പോൾ അങ്ങയുടെ ഓർഡർ കൈയിൽ നൽകുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)